മലങ്കര

# വിശ്വാസിസംരക്ഷകൻ

പുസ്തകം ൫ | ൧൧൦൪ മകരം | ലക്കം ൩

## * ക്രിസ്തീയസഭയുടെ ഉപദേശങ്ങളെ നിയന്ത്രിക്കുന്ന നാലു പ്രധാന കാര്യങ്ങൾ.

(ഡാക്ടർ മാർക്ക്. എ. മാത്യൂസ്)

എന്റെ പ്രിയ സ്നേഹിതരേ, ഈ സ്ഥാപനത്തെ സന്ദർശിക്കുന്നതിനും, ഇതിന്റെ വാർഷിക മീററിംഗിൽ ഒരു പ്രസംഗം ചെയ്യുന്നതിനും, എനിക്കിടയായതിൽ ഞാൻ അതിയായി സന്തോഷിക്കുകയും, അതിനെ ഒരു പദവിയായി കരുതുകയും ചെയ്യുന്നു. ക്രിസ്തീയസഭയുടെ ഉപദേശങ്ങളെ നിയന്ത്രണം ചെയ്യുന്ന നാലു പ്രധാന കാര്യങ്ങൾ എന്നത്രേ എന്റെ പ്രസംഗത്തിന് ഞാൻ നാമകരണം ചെയ്തിരിക്കുന്നത്. "നിന്നെത്തന്നെയും, ഉപദേശത്തെയും സൂക്ഷിച്ചുകൊള്ളുക; ഇതിൽ ഉറച്ചുനില്ക്കുക: അങ്ങിനെ ചെയ്താൽ, നീ നിന്നെയും നിന്റെ ഉപദേശം കേൾക്കുന്നവരെയും രക്ഷിക്കും" 1 തിമൊ. 4: 16

"ക്രിസ്തുവിന്റെ ഉപദേശത്തിൽനി
ലനിൽക്കാതെ അതിർ കടന്നുപോക
ന്ന ഒരുത്തനും ദൈവമില്ല; ഉപദേ
ശത്തിൽ നിൽക്കുന്നവനോ പിതാവും
പുത്രനുമുണ്ട്" 2 യോഹ: 9

"അവർ അപ്പോസ്തലന്മാരുടെ ഉപ
ദേശംകേട്ടും കൂട്ടായ്മ ആചരിച്ചും അ
പ്പംനുറുക്കിയും പ്രാർത്ഥനകഴിച്ചുംപോ
ന്നു." പ്രവൃ. 2: 42.

ക്രിസ്തീയമാർഗ്ഗം മുഖ്യമായും ഉപദേ
ശപ്രധാനമുള്ളതത്രെ. മാഹാത്മ്യമേറി
യ അതിന്റെ ഉപദേശങ്ങളെക്കുറിച്ചു
ള്ള വിചിന്തനംകൂടാതെ ക്രിസ്തീയ
മാർഗ്ഗത്തെപ്പററി യഥാർത്ഥമായ ഒര
ജ്ഞാനം നിങ്ങൾക്കു ലഭിക്കുവാൻ ക
ഴികയില്ല. സർവ്വപ്രധാനങ്ങളായ അതി
ന്റെ ഉപദേശസഞ്ചയസമർപ്പണത്ത

---

* 1929 ഫെബ്രുവരി 17-ാം- ഞായറാഴ്ച ഉച്ചകഴിഞ്ഞ് കാലിഫോർണിയായിൽ ലോസ് ഏയിൻജലിസ്സിലുള്ള ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം.

ലാണ് ആ മാർഗ്ഗത്തിന് അഭിവൃദ്ധിയുണ്ടാകേണ്ടതു്. അതിപാവനങ്ങളായ അതിന്റെ ഉപദേശങ്ങളെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനബുദ്ധിയോടുകൂടി സഭ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ പ്രാപിക്കേണമെന്നുള്ളതിനു തർക്കമില്ല. എന്റെ ഈ പ്രസ്താവനകൾ ഒരർത്ഥത്തിൽ ദൈവവചനത്തിന്റെ ഒരു വിശദീകരണം മാത്രമാണു്. നിർമ്മലോപദേശത്തിന്റെ അഭാവത്താൽ ജീവനില്ലായ്മ ഉളവാകുന്നു എന്നുള്ളതു് ക്രിസ്തീയസഭയെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായും സാമൂഹ്യമായും പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഒരു സത്യമത്രെ. സഭയുടെ കാതലായ സത്യങ്ങളിൽ ഉറച്ചിട്ടില്ലാത്ത ഒരു ക്രിസ്ത്യാനിയാകട്ടെ, സഭയാകട്ടെ, അന്തിക്രിസ്തുവിന്റെ ദുരുപദേശക്കാററിൽ അകപ്പെട്ടു് നട്ടം തിരിയുവാൻ വളരെ എളുപ്പമുണ്ടു്. ഇതുകൊണ്ടാണു് ഇന്നു് അനേകരും ക്രിസ്തീയ മാർഗ്ഗത്തിന്റെ സുവിശേഷവിഹിതങ്ങളായ തത്വങ്ങളിൽനിന്നും വ്യതിചലിച്ചുകാണുന്നതു്.

ക്രിസ്തീയമാർഗ്ഗത്തെ നിയന്ത്രണംചെയ്യുന്ന ഉപദേശസഞ്ചയങ്ങൾ നാലു വലിയ സത്യങ്ങളിൽ ആശ്രയിച്ചിരിക്കുന്നു. ഈ സത്യങ്ങളിൽനിന്നു് പ്രസ്തുത ഉപദേശങ്ങൾ ഉളവാകുന്നു. ഒരു സത്യത്തിൽ അടിസ്ഥാനപ്പെടാത്ത ഒരു ഉപദേശം ഉണ്ടാകുവാൻ കഴികയില്ലെന്നുള്ളതിനാലാണു് ക്രിസ്തീയമാർഗ്ഗത്തെ നിയന്ത്രണംചെയ്യുന്ന ഉപദേശങ്ങൾ നാലു പ്രധാനസത്യത്തിൽ ആശ്രയിച്ചിരിക്കുന്നുവെന്നു് ഞാൻ പ്രസ്താവിച്ചതു്. നിങ്ങൾ വിജ്ഞാനശാസ്ത്രം (Science) വേദശാസ്ത്രം (Theology) മുതലായതുകൾ പഠിക്കുമ്പോൾ അവ ഒരു സത്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നുവെന്നു് ഗ്രഹിക്കാറുണ്ടല്ലോ. എന്നാൽ വിജ്ഞാനശാസ്ത്രത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ വെറും ഊഹാലോകത്തിലേക്കിറങ്ങുവാൻ നിങ്ങൾക്കിടയാകും. യഥാർത്ഥമായ വിജ്ഞാനശാസ്ത്രത്തിലെന്നപോലെ വേദശാസ്ത്രത്തിലും ഓരോ പ്രസ്താവനയും ഓരോ സത്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഈ സത്യങ്ങളും ഉപദേശങ്ങളും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതു് ദൈവത്തിന്റെ തെറ്റിക്കൂടാത്ത വചനത്തിലത്രെ. അതിനാൽ ദൈവത്തിന്റെ വചനങ്ങളടങ്ങിയതും, ഒരിക്കലും തെറ്റിക്കൂടാത്തതുമായ വിശുദ്ധവേദത്തെ ശരിയായി പഠിക്കേണ്ടതു് അവശ്യം ആവശ്യം തന്നെ. വിശുദ്ധവേദപുസ്തകം നിങ്ങൾ ശരിയായി പഠിക്കണമെന്നാവശ്യപ്പെടുമ്പോൾ, പ്രസ്തുത ഗ്രന്ഥത്തെ നിങ്ങൾ ശരിയായി അറിയാഞ്ഞാൽ, മാഹാത്മ്യമേറിയ അതിന്റെ ഉപദേശസഞ്ചയത്തെക്കുറിച്ചു നിങ്ങൾക്കു യാതൊരാഗ്രഹവുമില്ലെന്നുള്ള സത്യം നിങ്ങളെ ശരിയായി ഗ്രഹിപ്പിക്കേണ്ടതിനത്രെ അപ്രകാരം ചെയ്യുന്നതു്. മേൽ ഉദ്ധരിക്കപ്പെട്ട വചനഭാഗങ്ങൾതന്നെ ഉപദേശങ്ങളെ ശരിയായി ഗ്രഹിക്കുന്നതിനും അവയിൽ ഉറച്ചുനിൽക്കുന്നതിനും നിങ്ങളെ പ്രബോധിപ്പിക്കുന്നുണ്ടല്ലോ. ഉപദേശങ്ങളെ നിയന്ത്രണംചെയ്യുന്ന നാലുപ്രധാനകാര്യങ്ങൾ ഏവ? എന്നു നിങ്ങൾ എന്നോടു ചോദിച്ചേക്കാം.

<u>ഒന്നാമത്തേതു് കന്യകാജനനം തന്നെ</u>. ക്രിസ്തീയമാർഗ്ഗത്തിന്റെ സർവ്വപ്രധാനമായ ഉപദേശം ഇതത്രെ. ഇതിലത്രെ രക്ഷയുടെ മുഴുഭാരം അടങ്ങിയിരിക്കുന്നതു്. ക്രിസ്തീയമാർഗ്ഗമാകുന്ന ആ വലിയ കോട്ട ഈ അടിസ്ഥാനസത്യത്തിലത്രെ ഉറച്ചു നിൽക്കുന്ന

ത്. വേദപുസ്തകത്തിന്റെ അപ്രമാദിത്വം പുലർത്തപ്പെട്ടു പോരുന്നതും ഈ സത്യത്തിലത്രേ. "ആദിയിൽ വചനം ഉണ്ടായിരുന്നു." എന്നുള്ള ആ മഹത്തായ സത്യത്തിൽ വീണ്ടെടുപ്പിന്റെ മുഴുപ്ലാനും ആധേയപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്, തന്റെ പൂർവ്വാസ്തിത്വം മനുഷ്യാവതാരത്തെ സുസാദ്ധ്യമാക്കി. മനുഷ്യാവതാരം എടുക്കുന്നതിനു മുൻപും താൻ ജീവിച്ചിരുന്നുവെന്നുള്ള സത്യം നിങ്ങൾക്ക് മായിച്ചുകളുവാൻ കഴിയുമെങ്കിൽ, തന്റെ മനുഷ്യാവതാരത്തെപ്പററിയുള്ള ഉപദേശത്തേയും അതിന്റെ സത്യത്തെ തന്നെയും നിഷ്പ്രയാസം മായിച്ചുകളുവാൻ നിങ്ങൾക്കു കഴിയുന്നതാണ്. ഒരു പുതിയ ക്രിസ്തുവോ, ഒരു പ്രത്യേക ദൈവമോ അല്ല, പിന്നെയോ ദൈവത്തിന്റെ സമകാലീനനും തനിക്കു തുല്യനുമായ നിത്യനായ ദൈവത്തിന്റെ പുത്രനത്രേ മനുഷ്യാവതാരമെടുത്തത്. അവനായത്, താൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിന്റെ ഗർഭത്തിൽ ശരീരം എടുത്തു. ഈ വിധത്തിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ദൈവം ഒരിക്കലായി മനുഷ്യാവതാരമെടുത്തു. അതിനാൽ, മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യാതൊരു അവതാരവും ക്രിസ്തു ഒഴികെ ഉണ്ടായിട്ടില്ല, ഉണ്ടാകുവാൻ ഇനിയും കഴികയുമില്ല എന്നുള്ള സത്യം പ്രസ്പഷ്ടമത്രേ.

യേശുവിന്, യോസേപ്പിന്റെയും മറിയയുടേയും മകനായി ജനിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഒരു കന്യകയിൽ ജാതനാകേണ്ടതിന്, പരിശുദ്ധാത്മാവിനാൽ ശരീരമെടുക്കുന്നതല്ലാതെ തന്റെ മനുഷ്യാവതാരത്തെ സുസാദ്ധ്യമാക്കുന്നതിന് താൻ വേറെ യാതൊരു മുഖാന്തരവും കണ്ടിരുന്നില്ല. നിങ്ങ ഈ ഭാഗം പഠിക്കുമ്പോൾ അല്പനേ മൌനമായിരുന്ന് ക്രിസ്തുവിന് തന്റെ മനുഷ്യാവതാരത്തെ സുസാദ്ധ്യമാക്കു തിന് ഒരു കന്യകയിൽക്കൂടി ജാത കുന്നതല്ലാതെ വേറെ ഏതെങ്കിലും ർഗ്ഗം സാദ്ധ്യമായിരുന്നുവോ എ ന്നാലോചിക്കേണമെന്ന് ഞാൻ നി ങ്ങളോടപേക്ഷിക്കുന്നു. ഇതു യഥാർ മെങ്കിൽ ഈ സത്യങ്ങൾ വളരെ പ്ര ധാന്യമുള്ളതായി കരുതേണ്ടതല്ലയോ? ക്രിസ്തുവിന്റെ കന്യകാജനനമെന്ന സ ത്യത്തെ വിപാടനം ചെയ്യുവാൻ ഒ പക്ഷേ നിങ്ങൾക്കു കഴിഞ്ഞുവെന്ന ന്നാലും, ത്രിത്വത്തിന്റെ യഥാർത്ഥ്യത്തെ സ്ഥാപിച്ചുറപ്പിക്കയല്ലാതെ നി ങ്ങൾക്കു ഗത്യന്തരമില്ല.

ത്രിത്വത്തിൽ രണ്ടാമനായവനും പിതാവിന്റെ സമകാലീനനും, തനിക്കു തുല്യനുമായവൻ അദൃശ്യങ്ങളായ തന്റെ അങ്കികളെ മാററിവെച്ചിട്ട് ദൃശ്യങ്ങളായ നമ്മുടെ അങ്കികളെ ന്റെമേൽ എന്തി ഇപ്രകാരം പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി, മനുഷ്യശരീരമെടുത്ത ക്രിസ്തു, തന്നെ യും തന്റെ പിതാവിനേയും, ലോകത്തിനു വെളിപ്പെടുത്തിയതിനാൽ ത്രിത്വത്തിന്റേയും, ദൈവത്വത്തിന്റേയും; പരിശുദ്ധാത്മ ശക്തിയാൽ താൻ ജഡശരീരമെടുത്തു എന്നുള്ളതിന്റേയും, അപ്രതിഷേധ്യങ്ങളും അനന്യ ക്ഷണീയങ്ങളുമായ തെളിവുകൾ അ സ്ഥാനപ്പെട്ടിരിക്കുന്നത് തന്റെ കന്യകാജനനത്തിലാകയാൽ അതു നമ്മു ടെ സർവ്വപ്രധാനവും മഹത്തരവുമായ ഉപദേശമത്രേ.

ഈ സത്യത്തേയും ഈ ഉപദേശത്തേയും നിഷേധിക്കുന്ന അനേകരുണ്ട്. എന്നാൽ, ദൈവം തന്റെ

തോതനുസരിച്ച് പ്രവർത്തിക്കുന്നവനാകയാൽ, ദൈവപുത്രനായക്രിസ്തു ഒരു കന്യകയിൽ ജാതനായില്ലായിരുന്നുവെങ്കിൽ താൻ നീതിയില്ലാത്തവരെ നീതീകരിക്കുന്നവനായി പ്രശോഭിക്കുവാൻ കഴികയില്ലായിരുന്നു. ഈ സത്യം നിഷ്പക്ഷബുദ്ധിയായ ഏതൊരു തർക്കശാസ്ത്രവിദഗ്ദ്ധനും ബോധപ്പെടുന്ന ഒന്നാത്രേ.

അവൻ നമ്മുടെ പ്രതിപുരുഷൻ ആകേണ്ടതിന് നമ്മെപ്പോലെ ഒരു സ്ത്രീയിൽ ജാതനാകേണ്ടതു് അവന്റെ ഒഴിച്ചുകൂടാത്ത ആവശ്യമായിരുന്നു. യേശുക്രിസ്തു എന്റെ പ്രതിപുരുഷൻ ആകേണ്ടതിന് ഒരു കന്യകയിൽ ജാതനാകുന്നതല്ലാതെ, വേറെ ഏതെങ്കിലും ഒരു മാർഗ്ഗം അവനു നല്കുന്നതിന് ദൈവത്തിന്റെ ആലോചനയിൽ ഇല്ലായിരുന്നു. ഈ പ്രസ്താവനയെ പ്രതിഷേധിപ്പാൻ ഭൂമിയിൽ ഏതെങ്കിലും ഒരു കുശാഗ്രബുദ്ധിക്കോ, ഒരു വിജ്ഞാനശാസ്ത്രവിദഗ്ദ്ധനോ കഴിയുമെങ്കിൽ ആ ആളും മുൻപോട്ടു വരട്ടെ.

**രണ്ടാമത്തേതു് ക്രൂശീകരണത്തിന്റെ—പാപപരിഹാരബലിയാകുന്ന ക്രിസ്തുവിന്റെക്രൂശു് മരണത്തിന്റെ—** ഉപദേശം തന്നെ. താൻ മനുഷ്യവതാരം എടുത്തതോടുകൂടി അതിന്റെ ഉദ്ദിഷ്ടസംഗതിയാകുന്ന ക്രൂശുമരണം ഒഴിച്ചുകൂടാത്ത ആവശ്യമായി പ്രത്യക്ഷപ്പെട്ടു. ജഡത്തിൽ താൻ വെളിപ്പെടേണമെന്നുള്ള ദൈവനിശ്ചയം സുസാദ്ധ്യമായപ്പോൾ അതിന്റെ പിന്നാലെ ക്രൂശുണ്ടാകേണ്ടിവന്നതു് ആവശ്യം തന്നെ. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരബലിയായി താൻ മരിക്കേണമെന്നുള്ള ആ ഏക ആവശ്യം തന്റെ മനുഷ്യാവതാരത്തിന്റെ മൂലകാരണമായി ഭവിച്ചു. ദൈവത്തിന്റെ നിഷ്കളങ്കകുഞ്ഞാടാകുന്ന അവൻ പാപികളായ നമുക്കുവേണ്ടി ദൈവത്തിന്റെ ഒരു യാഗമായി തീരുകയും ചെയ്തു. നമ്മെപ്പോലെ ഈ ഭൂമിയിൽ ഒരു ജീവിതം നയിക്കുന്നതിനോ, നാം ഇവിടെ ഏതുപ്രകാരമാണു ജീവിക്കേണ്ടതെന്നുള്ളതിനെ തെളിയിക്കേണ്ടതിനു നമുക്കുവേണ്ടി ഒരു മാതൃകാജീവിതം ചെയ്യുന്നതിനോ, ഏതു വിധത്തിലുള്ള ഒരു മരണമാണു നമുക്കാശാസ്യമായിട്ടുള്ളതെന്നു കാണിക്കുന്നതിനോ അല്ല, പിന്നെയോ; മരണയോഗ്യരായിരുന്ന നാം ഒരിക്കലും മരിക്കാത്തവരായി അതായതു് നിത്യനായ ദൈവത്തോടുകൂടി നിത്യകാലം ജീവിക്കുന്നവരായി ഇരിപ്പാൻ നമ്മെ യോഗ്യതപ്പെടുത്തേണ്ടതിന്നാത്രേ യേശുക്രിസ്തു സ്വർഗ്ഗത്തിലെ സകല മഹിമകളേയും വെടിഞ്ഞു് ഈ ഭൂമിയിൽവന്നു് നമുക്കുവേണ്ടി ശാപമരണം ഏറ്റതു്. അതിനാൽ അവന്റെ പ്രായശ്ചിത്തബലിയാകുന്ന ക്രൂശുമരണം ദൈവനീതിയെ നിറവേറ്റുന്നതിനും അങ്ങിനെ തന്റെ കരുണയുടെ ഭുജത്തെ മനുഷ്യവർഗ്ഗത്തിനു നേരെ നീട്ടുന്നതിനും സംഗതിയാക്കി.

“നിഷ്പാപനായ ക്രിസ്തുവിന്റെ ശപിക്കപ്പെട്ട ക്രൂശുമരണം ന്യായവും, ദൈവനീതിയെ നിറവേറ്റുന്നതിനു പര്യാപ്തവുമാണെന്നു് നിങ്ങൾ പ്രസ്താവിക്കുന്നതു് എന്തുകൊണ്ടു്?” എന്നു ചിലർ എന്നോടു ചോദിച്ചേക്കാം. കാരണം ഇതത്രെ. ദൈവത്തിന്റെ സന്മാർഗ്ഗപരമായ രാജാധികാരം സുസ്ഥിരവും, വ്യത്യസ്തപ്പെടുത്തുവാൻ കഴിയാത്തതുമാകുന്നു. അനാദികാലംമുതൽ അ

ത്ത് ഇളക്കമില്ലാത്തതായിരിക്കുന്നു. അതിനാൽ മനുഷ്യൻ ദൈവത്തിന്റെ രാജാധികാരത്തോട് മത്സരിക്കയും അങ്ങിനെ അവന്റെ മാഹാത്മ്യമേറിയ സ്ഥാനം നഷ്ടപ്പെടുകയും ചെയ്കതിനാൽ സാമ്രാജ്യികമായ ആ രാജാധികാരത്തിന്റെ നീതിയെ തൃപ്തിപ്പെടുത്തേണ്ടത് മനുഷ്യന്റെ ഒഴിച്ചുകൂടാത്ത ആവശ്യമായി തീൎന്നു. എന്നാൽ ഈ ഉദ്ദിഷ്ട സിദ്ധിക്കായ് മനുഷ്യൻ എവിടേക്കാണ പോകേണ്ടത്? മനുഷ്യവൎഗ്ഗം പാപകൂപത്തിൽ പതിച്ചുപോയതിനാൽ ദൈവത്തിന്റെ രാജാധികാരത്തെ തൃപ്തിപ്പെടുത്തുവാൻ യാതൊരു മാൎഗ്ഗവും അവൎക്കില്ലാതായി. ദൈവത്തിന്റെ ഈ അധികാരത്തോട് മത്സരിക്കുന്നതുകൊണ്ട് അതിന്റെ നീതിക്ക് ഒരു വ്യതിചലനവും ഉണ്ടാകുന്നില്ല. ദൈവം പാപിയെ സ്നേഹിക്കുന്നുവെങ്കിലും പാപത്തെ താൻ വെറുക്കുന്നതിനാൽ "പാപത്തിന്റെ ശമ്പളം മരണം" എന്നുള്ള തന്റെ കല്പന അലംഘ്യമായ ഒന്നായിത്തന്നെ ഇരിക്കുന്നു. അതിനാൽ പാപഗൎത്തത്തിൽ താണുപോയ എന്നെ വലിച്ചെടുത്ത് രക്ഷിക്കേണ്ടതിന് നിഷ്പാപനായ ദൈവത്തിന്റെ കുഞ്ഞാടാകുന്ന ക്രിസ്തു എന്റെ പ്രതിപുരുഷനായി എനിക്കുവേണ്ടി പാപത്തിന്റെ കഠിനശിക്ഷയാകുന്ന ക്രൂശുമരണം അനുഭവിക്കേണ്ടതു് ഏററവും ആവശ്യമായിരുന്നു.

മൂന്നാമത്തേത്, യേശുക്രിസ്തുവിന്റെ അടക്കപ്പെട്ട ശരീരത്തിന്റെ ഉയിൎപ്പിനെ കുറിച്ചുള്ള ഉപദേശമത്രെ. അവൻ തന്റെ ആത്മാവിനെ പിതാവിങ്കലേക്കു സമൎപ്പിച്ചതോടുകൂടി അവന്റെ ശരീരം അടക്കപ്പെടേണ്ടതാ

യി വന്നുകൂടി. ക്രൂശീകരണത്തെ മാ
മല്ലാ, ഉയിൎപ്പിനേക്കൂടിയത്രേ തന്റെ
മനുഷ്യാവതാരം ചൂണ്ടിക്കാണിക്കുന്നതു
ഉയിൎപ്പിനെ സംബന്ധിച്ചുള്ള ഉപദേശ
പലരും സമ്മതിച്ചേക്കാം. എന്നാൽ
താൻ ജഡരൂപമെടുക്കുകയും അവ
ന്റെ പ്രാകേവരണ്ട ക്രൂശീകര
ത്തിൽ തന്നെത്താനെ ഏല്പിച്ചു കൊ
ടുക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ
യിൎപ്പ് സാദ്ധ്യമാകയില്ലായിരുന്നു.

ശരീരത്തിൽനിന്നും പരിപൂൎണ്ണമാ
ഒരു വേർപാട് നിങ്ങൾക്കുണ്ടാകയ
ല്ല. എന്നാൽ അല്പകാലത്തേക്ക് അ
തിൽനിന്നും വേർപെട്ടിരിക്കുവാ
ഇടയാകുമെന്നുള്ളതല്ലാതെ നിങ്ങൾ
സിക്കുന്നു. ഈ ശരീരത്തിൽനിന്നും പ
രിപൂൎണ്ണമായ ഒരു വേർപാട് സാധ്യ
ല്ല. നമ്മിൽ എന്നേക്കും ഉറങ്ങുന്നതാ
യി ശരീരം മാത്രമേ ഉള്ളൂ. മനസ്സ് ഒ
ക്കലും ഉറങ്ങുന്നില്ല. ആത്മാവു നിത്യ
മായിട്ടുള്ളതാകയാലും, നിത്യതയ്ക്ക് ന
ദ്രയില്ലാത്തതിനാലും നമ്മുടെ ആത്മാ
വിന് ഉറങ്ങുവാൻ കഴികയില്ല. പ
ൽ ചെയ്യുന്ന അദ്ധ്വാനം നിമിത്തം
രുപത്തിനാലു മണിക്കൂറിനുള്ളിൽ ഉ
ങ്ങേണ്ടതു് ശരീരത്തിന്റെ ആവശ്യ
ത്രെ.

ഇതു് ശരീരത്തിനു ഒരു ദീൎഘനി
യുണ്ടെന്നുള്ള സത്യത്തെ പ്രസ്പഷ്ടമാ
ന്നു. അതിനാൽ മരണത്തോടുകൂടി ആ
ത്മാവ് ശരീരത്തെ വിടുന്നു. ശരീരം ന
ദ്രയെ പ്രാപിക്കയും ചെയ്യുന്നു. എന്നാ
ൽ, നിങ്ങൾ ശരീരത്തിൽ നിന്നും വേ
ർപെടുത്തപ്പെടുന്നില്ല. ഒരു നിൎദ്ദി
കാലത്തേക്ക് ശരീരം ഉറങ്ങേണ്ടിയി
ക്കുന്നു. എത്രകാലത്തേക്കെന്ന് ദൈ
വം മാത്രം അറിയുന്നു. ഒരു ക്ലിപ്തകാ
ത്തിനുശേഷം ശരീരം ഉയൎത്തപ്പെടേണ്ട

...ശരീരത്തിൽ നിന്നുള്ള ഒരു ...ട്ട് നിങ്ങൾക്ക് സാദ്ധ്യമല്ല. ക്രിസ്തു ക്രൂശിക്കപ്പെട്ടത് എൻ്റെ പ്രതിപുരുഷനായി തീരുന്നതിനു മാത്രമല്ല, പിന്നെയോ, ദൈവത്തിൻ്റെ രാജാധികാരത്തിൻ്റെ നീതിയെ തൃപ്തിപ്പെടുത്തേണ്ടതിനു കൂടിയാണ് എന്ന് അല്പനിമിഷങ്ങൾക്കു മുൻപ് ഞാൻ പറഞ്ഞത് നിങ്ങൾ ഓർക്കുമല്ലോ. അതേ, ദൈവമത്രേ ആ ബലിയെ ഹോമിച്ചത്. മനുഷ്യശരീരം ആ ബലിയെ സാദ്ധ്യമാക്കുന്ന ഉപകരണമായി തീരേണ്ടിയിരുന്നതും ദൈവനിശ്ചയം തന്നെ. ക്രിസ്തു മരിച്ചവരിൽനിന്നും ഉയിർത്തവനായി ഇന്നും ജീവിക്കുന്നതിനാൽ ക്രിസ്തുമാർഗ്ഗം ജീവനുള്ള മാർഗ്ഗമായി ഇന്നും പ്രശോഭിക്കുന്നു.

ക്രിസ്തുമാർഗ്ഗം എന്നാൽ എന്ത്? അതു കേവലം ഒരു മതമാണോ? ഒരിക്കലുമല്ല. പിന്നെയോ, വീണ്ടെടുക്കപ്പെട്ട വിശ്വാസികളുടെ ഹൃദയത്തിൽ അന്തർലീനമായിരിക്കുന്ന നിത്യനായ ദൈവപുത്രൻ്റെ ജീവനത്രേ. എന്തുകൊണ്ട്? ചർമ്മമടഞ്ഞ ഒരു മനുഷ്യൻ്റെ നിർദ്ദിഷ്ടമായ ഒരു ഉപദേശപദ്ധതിയെയാണ് നാം മതമെന്നു വിവക്ഷിക്കുന്നത്. എന്നാൽ, ക്രിസ്തുമാർഗ്ഗമോ, അതു ക്രിസ്തുവിൻ്റെ ഹൃദയത്തിൽനിന്നും നിർഗ്ഗമിച്ച് വീണ്ടെടുക്കപ്പെട്ട ദൈവജനങ്ങളുടെ സിരാചക്രങ്ങളിൽക്കൂടി അനുനിമിഷം ത്വരിതഗതിയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന ജീവനത്രേ. ഇതത്രേ ക്രിസ്തുമാർഗ്ഗവും ഇതരമതങ്ങളും തമ്മിലുള്ള വ്യത്യാസം. ബുദ്ധൻ സന്മാർഗ്ഗപരമായ ചില ഉപദേശങ്ങളുടെ താത്വികമായ ചില അഭിപ്രായങ്ങളെ പുറപ്പെടുവിച്ചു. കൺഫ്യൂഷ്യസും മററു ചിലരും അങ്ങിനെ ത

ന്നെ ചെയ്തു. എന്നാൽ, അവർ മ
ക്കുകയും അവരുടെ മതത്തിൻ്റെ
വൻ അവരോടുകൂടി തിരോധാനം ചെ
യ്യുകയും ചെയ്തു. ക്രിസ്തുമാർഗ്ഗം ഇന്നു
ജീവനുള്ളതായി പ്രശോഭിക്കുന്നതിനാ
ൽ യേശുക്രിസ്തു മരിച്ചവരിൽനിന്നു
ഉയിർത്തു എന്നുള്ളത് അനിഷേധ്യമാ
യ ഒരു സത്യമത്രേ. നിശ്ചയമായും അ
വൻ ഉയിർത്തില്ലായിരുന്നുവെങ്കിൽ നി
ങ്ങൾ നിങ്ങളുടെ പാപത്തിൽ ഇന്നു
ജീവിക്കുകയും തൽഫലമായി ഇന്ന
ഈ പ്രസംഗശാലയിലുള്ള പ്രസം
ഗം നിങ്ങൾക്ക് കേവലം നിഷ്പ്രയോ
മായിരിക്കയും ചെയ്യുമായിരുന്നു.

ദൈവം തൻ്റെ തോതനുസരിച്ചു
പ്രവർത്തിക്കുന്നതിനാൽ ക്രിസ്തു ഇ
പ്രകാരമുള്ള പല പടികൾ കടന്നു
ക്രൂശുമരണം അനുഭവിക്കയും, അടക്ക
പ്പെടുകയും അന്തശരീരത്തോടുകൂടി ഉ
യിർത്തെഴുന്നേൽക്കയും ചെയ്തില്ലായിരു
ന്നുവെങ്കിൽ, ഒററയാത്മാവിനെയെങ്കി
ലും വീണ്ടെടുക്കുവാൻ തനിക്കു കഴിക
യില്ലായിരുന്നു. (വിശ്വാസികളാകുന്ന
നിങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനെ
തടയുവാൻ ശക്തങ്ങളായി ഈ അഖി
ലാണ്ഡത്തിൽ യാതൊന്നും തന്നെ ഇ
ല്ലായെന്ന് ഞാൻ സധൈര്യം പ്രസ്താവി
ക്കട്ടെ. നിശ്ചയമായും അവ ഉയിർക്കും
"ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയി
ർക്കട്ടെ" എന്ന ദൂതൻ്റെ ശബ്ദശ്രവ
ണമാത്രയിൽ മരിച്ചവർ പൊടുന്നനെ
വേ ഉയിർക്കുകയും, പിന്നെ ജീവനോടു
കൂടിയിരിക്കുന്ന നാം കണ്ണിമയ്ക്കുന്നതിൽ
രൂപാന്തരപ്പെടുകയും ചെയ്യും.

നാലാമത്തെ ഉപദേശം ആയിരമാ
ണ്ടു ഭരണത്തിനു മുൻപായുള്ള ക്രിസ്
തുവിൻ്റെ വരവിനെപ്പററിയുള്ളത
ത്രേ. അവൻ ആദ്യം വന്നപ്പോൾ
പിതാവിൻ്റെ രാജ്യത്തെ സ്ഥാ

പിടിക്കണമെന്നുള്ളതു് അവന്റെ ആവശ്യമായിരുന്നു. എന്നാൽ, ആ രാജ്യം തള്ളപ്പെടുകയും രാജാവു് ക്രൂശിക്കപ്പെടുകയും ചെയ്തു. ബഹിഷ്കരിക്കപ്പെട്ടവനായിരുന്നപ്പോൾ സ്വന്ത ജീവനാൽ ഒരു സഭയെ പണികയും ക്രൂശുമരണത്തിനും സ്വർഗ്ഗാരോഹണത്തിനും മദ്ധ്യേ അതിനെ സ്ഥാപിക്കയും ചെയ്തു. പ്രസ്തുത സഭ, അവന്റെ സ്വന്തമത്രേ. അതു് അവന്റെ ശരീരം തന്നെ. തന്റെ സഭയെ എടുത്തുകൊള്ളേണ്ടതിനു് താമസിയാതെ അവൻ വരികയും ചെയ്യും. സഭയെ എടുത്തുകൊണ്ടശേഷം, ആയിരം ആണ്ടു് തന്റെ പുത്രന്മാരോടുകൂടി ഈ ഭൂമിയിൽ വാഴേണ്ടതിനു് വീണ്ടും അവരോടുകൂടി വരും. ഇതിൻ ശേഷം അവൻ തന്റെ മണവാട്ടിയെ പുതിയ ആകാശത്തിലേക്കു് നയിക്കയും അവിടെ വീണ്ടെടുക്കപ്പെട്ടവരോടുകൂടി നിത്യകാലം വാഴുകയും ചെയ്യും.

ക്രിസ്തീയ സഭയെ നിയന്ത്രണം ചെയ്യുന്ന സർവ്വപ്രധാനമായ ഉപദേശങ്ങൾ ഇവയത്രേ. ഈ വേദകലാസ്ഥാപനം ഈ ഉപദേശങ്ങളിലത്രേ ആശ്രയിച്ചിരിക്കേണ്ടതു്. ഈ ഉപദേശങ്ങളെ പഠിക്കുന്നതിൽ വൈമനസ്യം പ്രദർശിപ്പിക്കയോ അവയ്ക്കുള്ള സ്ഥാനം കൊടുക്കാതിരിക്കയോ ചെയ്യുന്നതു നമ്മുടെ രക്ഷാനാഥനെ ഒറ്റിക്കൊടുത്ത യൂദായുടെ നിഷ്ഠൂര പ്രവൃത്തിയിലും കൂടുതൽ ശിക്ഷാർഹമത്രേ. ഇതുപര്യന്തമുള്ള ഈ സ്ഥാപനത്തിന്റെ വേല ഈ ഉപദേശങ്ങളെ പുലർത്തുന്നതായിരുന്നതിനാൽ വളരെ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. മേലും ഇതിന്റെ ചരിത്രം പൂർവ്വവാൽ അനുഗ്രഹീതമായിത്തീരുന്നതിനും, ഈ സത്യങ്ങളേയും ഉപദേശങ്ങളേയും പരത്തുന്നതിനാൽ കൂടുതൽ വേല ചെയ്യുന്നതിനും സർവ്വേശ്വരൻ സഹായിക്കട്ടെ.

(പരിഭാഷകൻ കെ. ജെ. വറുഗീസ്: തിരുവനന്തപുരം)

---

# ജോർജ്ജുമുള്ളർ.

രോഗശമനാർത്ഥം നാട്ടിൻപുറത്തു പോയി താമസിക്കണമെന്നുള്ള ഡോക്ടരുടെ ഉപദേശത്തെ വളരെ പ്രാർത്ഥനയുടെ ശേഷം ജോർജ്ജുമുള്ളർ സ്വീകരിച്ചു. അയാൾ ഡിവൻഷയറിലേക്കു പോയി. അവിടെവച്ചു് ആത്മാവിനുള്ള ഒരു ശുശ്രൂഷകനുമായി സംസാരിക്കുന്നതിനും ഒന്നിച്ചു പ്രാർത്ഥിക്കുന്നതിനും ഇടകിട്ടി. തൽഫലമായി ജോർജ്ജിന്റെ പരിജ്ഞാനം ഉൽക്കർഷിപ്പെടുകയും അതിനേക്കുറിച്ചു താഴെ വരും പ്രകാരം എഴുതുകയും ചെയ്തു. "ആത്മസംഗതികളിൽ വേദം മാത്രമാണ് അധികാരവചനം, അതു വിശുദ്ധാത്മാവിനാലത്രേ വ്യാഖ്യാനിക്കേണ്ടതു്. പഴയകാലത്തെന്നപോലെ ഇന്നും ദൈവമാണ തന്റെ ജനത്തിന്റെ ഉപദേഷ്ടാവ്. പരിശുദ്ധാത്മപ്രവർത്തനമെന്നതു് എന്താണെന്നു് അനുഭവപൂർവ്വമായി ഞാൻ യാതൊന്നും അറിഞ്ഞിരുന്നില്ല." അയാൾ വീണ്ടും പറയുന്നതു്: "ഈ സത്യങ്ങൾക്കു പുറമെ ഞാൻ ക

ണ്ടിട്ടില്ലാത്ത വിധമുള്ള ദൈവഭക്തിയുടെ ഉയർന്ന മാതൃകയിലേക്ക് എന്നെ വഴി നടത്തുവാൻ ദൈവത്തിനു പ്രസാദമായി." ഇതിന്റെ ശേഷം റെറയിൻമത്തിലുള്ള എബനേസർ ചാപ്പലിൽ അദ്ദേഹം ഒരു പാസ്റ്ററായിത്തീർന്നു. മിസ്സ് മേരി ഗ്രോവ്സ് എന്നൊരു സ്ത്രീയെ അയാൾ കല്യാണം കഴിച്ചു. അവരുടെ ദാമ്പത്യജീവിതം വളരെ സന്തോഷമുള്ളതായിരുന്നു. വിവാഹത്തിനുശേഷം അധികം താമസിയാതെ സ്ഥിരശമ്പളം വാങ്ങുന്നതിനെക്കുറിച്ച് അദ്ദേഹത്തിന് അഭിപ്രായഭേദമുണ്ടായി. അവന്റെയും ഭാര്യയുടെയും ആവശ്യങ്ങൾ ദൈവത്തോടല്ലാതെ ആരോടും പറകയില്ലെന്ന് അവർ തീരുമാനിച്ചു. തന്നിമിത്തം അവർ പട്ടിണി കിടക്കുന്നുവെന്നുള്ള ശ്രുതി ചിലപ്പോളെല്ലാം ഉണ്ടായി. ചില ഘട്ടങ്ങളിൽ അവരുടെ വിശ്വാസം പരിശോധിക്കപ്പെട്ടുവെങ്കിലും ചിലപ്പോൾ നല്ലവരുമാനം ഉണ്ടായി. അവർ ആവശ്യം കഴിഞ്ഞു തങ്ങളുടെ പക്കലുള്ള പണം മുഴുവൻ നന്മയ്ക്കായായി വിനിയോഗിക്കയും അതതു സമയത്തെ ആവശ്യങ്ങൾക്കായും പ്രതിദിനഭക്ഷണത്തിനായും കർത്താവിൽ ആശ്രയിക്കയും ചെയ്തു.

മുള്ളർ ചുററുപാടുള്ള നഗരങ്ങളിൽ പ്രസംഗിക്കയാൽ വളരെ ആത്മാക്കൾ ക്രിസ്തുവിങ്കലേക്കു വന്നു. റെറയിൻമത്തിലെ തന്റെ വേല അവസാനിച്ചുവെന്നു 1832-ൽ അദ്ദേഹത്തിനു അഗാധമാംവണ്ണം ബോധപ്പെട്ടുകയാൽ ബ്രിസ്റ്റളിലേക്കു പോയി. അവിടെ വേലചെയ്വാൻ കർത്താവു നടത്തുന്നുവെന്ന് അയാൾ നിശ്ചയിച്ചു. ബ്രിസ്റ്റളിൽ വേല നടത്താൻ മുള്ളർ പ്രേരിക്കപ്പെട്ടുകയും സർവ്വശക്തൻ വഴിതുറക്കയും ദൈവവചനം അതിനോടു യോജിക്കയും ചെയ്തു.

ബ്രിസ്റ്റളിൽ മിസ്റ്റർ ക്രെയ്ക്ക് എന്ന സഭാപാലകന്റെ സഹപ്രവർത്തകനായി മുള്ളർ വേലയാരംഭിച്ചു. ഗിദയോൻ, ബെതസ്ദ ഈ ചാപ്പലുകളിൽ അവരുടെ വേല ഫലവത്തായിത്തീർന്നു. സ്വല്പകാലംകൊണ്ടു സഭാംഗങ്ങളുടെ സംഖ്യ വളരെ വർദ്ധിച്ചു. ബെതസ്ദ ചാപ്പൽ തുറന്നു പത്തുദിവസം കഴിഞ്ഞപ്പോൾ രക്ഷാമാർഗ്ഗത്തെക്കുറിച്ച് ആഗ്രഹിക്കുന്നവരുടെ ഒരു വലിയ കൂട്ടം ഉണ്ടായി. ഇവർക്ക് ആവശ്യമുള്ള സംഗതികൾ പറഞ്ഞുകൊടുപ്പാൻ നാലുമണിക്കൂർ വേണ്ടിവന്നു. മുള്ളർ ആജീവനാന്തം ഇവിടെ വേലചെയ്തു. അദ്ദേഹം മരിക്കുമ്പോൾ ബെതസ്ദാചാപ്പലിൽ ഏകദേശം രണ്ടായിരം ആളുകൾ അടങ്ങിയ ഒരു സഭ അദ്ദേഹത്തിനുണ്ടായിരുന്നു.

മിസ്റ്റർ മുള്ളർ 1834-ൽ ഒരു വൈദികപാഠശാല സ്ഥാപിച്ചു. ഇതു ക്രിസ്തീയ വിദ്യാശാലകളേയും മിഷ്യനറിമാരേയും സഹായിക്കുന്നതിനും തിരുവെഴുത്തുകളെ പ്രചരിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതും, വിശിഷ്യ ഒരു രക്ഷാധികാരിയോ ഭരണകമ്മട്ടിയോ ഇല്ലാത്തതുമായിരുന്നു. ഇതിന്റെ ആവശ്യനിവൃത്തിക്കായി കടമായിട്ടോ അല്ലാതെയോ ആരോടും പണം ചോദിച്ചു വാങ്ങിയിരുന്നില്ല. ദൈവാശ്രയത്താൽ മാത്രം ഇതു നടത്തപ്പെട്ടു. പ്രസ്തുത ശാലയുടെ സ്ഥാപനംമുതൽ മുള്ളറിന്റെ മരണഘട്ടംവരെ 15 ലക്ഷം പവൻ ഈ സ്ഥാപനത്തിൽ വന്നഴിഞ്ഞിട്ടുണ്ട്. ഇതു മുഴുവനും ദൈവാശ്രയത്താൽ മാത്രം ലഭിച്ചതായിരുന്നു. നമ്മുടെ കഥാനായകന്റെ ചരമ

കട്ടത്തിൽ എടുത്ത ഒരു കണക്കിൻ പ്രകാരം ഈ ഫണ്ടിൽനിന്നു സന്ധാരണം ലഭിച്ചു പഠിച്ചവർ 122000 പേരും, ഈ മുതൽകൊണ്ടു വിതരണം ചെയ്യപ്പെട്ട വേദപുസ്തകം 282000 വും പുതിയനിയമം 1500000-വുമാണ്. പ്രസ്തുത ധനശേഖരംകൊണ്ടു 11 കോടി 20 ലക്ഷം മതസംബന്ധമായ പുസ്തകങ്ങളും ലഘുലേഖകളും പ്രചരിപ്പിച്ചു. ഇതിനു പുറമെ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള മിഷ്യനറിമാരെ സഹായിക്കയും 10000 ത്തിലധികം അനാഥക്കുട്ടികളെ പോറ്റുകയും ചെയ്തു.

എഴുപതാമത്തെ വയസ്സിൽ മുള്ളർ സുവിശേഷമഹായാത്ര തുടങ്ങി. അനേക രാജ്യങ്ങളിലും ഭാഷകളിലും പ്രസംഗിച്ചുകൊണ്ടു ലോകം ചുററി രണ്ടുലക്ഷം മൈൽ സഞ്ചരിച്ചു. പലപ്പോഴും 5000-ത്തോളം ആളുകൾകൂടി വരുന്ന യോഗങ്ങളിൽ ഇദ്ദേഹം പ്രസംഗിച്ചുവന്നു. മൂന്നുപ്രാവശ്യം അമേരിക്കയിലെ ഐക്യനാടുകൾ മുഴുവൻ സഞ്ചരിച്ചു യോഗം നടത്തുകയുണ്ടായി. ഈ ദീർഘമായ സുവിശേഷയാത്ര തൊണ്ണൂറു വയസ്സുവരെ ചെയ്തുകൊണ്ടിരുന്നു. ഈ യാത്രയിൽപെട്ട 17 വർഷങ്ങൾ കൊണ്ടു അവൻ 30 ലക്ഷം ആളുകളോടു സംസാരിച്ചതായി മതിക്കപ്പെട്ടിരിക്കുന്നു. ഈ അത്ഭുതകരമായ വേലകൾക്കുള്ള സകല ചെലവും പ്രാർത്ഥനയാലത്രേ അദ്ദേഹത്തിനു ലഭിച്ചതു്. എല്ലാററിലും അധികമായി അദ്ദേഹം വഹിച്ചിരുന്ന മഹാഭാരം ബ്രിസ്റ്റളിലെ അനാഥശാലകളുടെ സന്ധാരണമായിരുന്നു. ഈ ഭാരം കയ്യേററപ്പോൾ അദ്ദേഹത്തിന്റെ ഉടുപ്പുറയിൽ 2 ഷില്ലിംഗ് മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ പ്രാർത്ഥന യുടെ ഫലമായി ഈ വലിയ കെട്ടിട ങ്ങൾക്കും അനാഥക്കുട്ടികളുടെ പരി പോഷണത്തിനുമുള്ള പണം പ്രാർത്ഥ നയാൽ കിട്ടി. ഈ അറുപതു കൊല്ല ങ്ങൾക്കിടയിൽ ഒരിക്കലും കുട്ടികൾ ആ ആഹാരമില്ലാതെയിരുന്നിട്ടില്ല. എ പ്പോഴെങ്കിലും അങ്ങിനെ സംഭവിച്ചു ൽ ഈ വേല തുടൎന്നുപോകുവാൻ ക ർത്താവു് ഇഷ്ടപ്പെടുന്നില്ല എന്നു താൻ തീരുമാനിക്കുമെന്നു് അദ്ദേഹം പറക യുണ്ടായിരുന്നു. ചിലപ്പോൾ ഭക്ഷണ സമയം ആകുന്നതുവരെ യാതൊന്നു കിട്ടിയിരുന്നില്ല. എവിടെ നിന്നു ഭക്ഷ ണം ലഭിക്കുമെന്നു് അറിയാൻ നിവൃ ത്തിയില്ലായിരുന്നു. എന്നാൽ മുള്ളർ ഇതിന്റെ ചുമതല വഹിച്ചിരുന്ന ഇരുപതിനായിരമോ അതിലധികമോ ദിവസങ്ങളിൽ എല്ലായ്പ്പോഴും തക്കസ മയത്തു കർത്താവു ഭക്ഷണം കൊടുത്തു വന്നു.

മുള്ളർ പണത്തിനുവേണ്ടി ദൈവ ത്തെ ആശ്രയിക്കുവാൻ തുടങ്ങിയപ്പോ ൾ ഒരു ഷില്ലിംഗിനുതന്നെ കർത്താവി ൽ ആശ്രയിക്കുന്നതു പ്രയാസമായി തോന്നി. അദ്ദേഹം എത്രത്തോളം വി ശ്വാസത്തെ പ്രയോഗിച്ചുവോ അത്ര ത്തോളം ശക്തനായിത്തീൎന്നു. ലക്ഷ ത്തിൽപരം പവനിൽ അധികം കിട്ടി ന്നതുവരെ തുടരെത്തുടരെയുള്ള കെട്ടി ടങ്ങളുടെ പണിക്കുവേണ്ടി പ്രാർത്ഥന യുടെ മറുപടിയായിട്ടു് അദ്ദേഹത്തിനു പണം വന്നുകൊണ്ടിരുന്നു. മുള്ളർ ... രിക്കുന്ന കാലത്തു് അനാഥക്കുട്ടികളുടെ സംരക്ഷണത്തിനു് ആഴ്ചയിൽ 60... പവൻ വീതം വേണ്ടിവന്നു. എന്നി ട്ടും കർത്താവു ദിവസംതോറുമുള്ള അപ്പ... അവക്കു നൽകുകയുണ്ടായതു്.

മുള്ളർ ഒരു ചെറുപ്പക്കാരനായി...

കുമ്പോൾ പ്രഷ്യയിലെ ഹാലിയിൽ പ്രൊഫസർ ഫ്രാങ്ക് ഈ മാതിരി ഒരു അനാഥശാല നടത്തുന്നതു കണ്ടപ്പോൾ ദൈവം പ്രാർത്ഥന കേൾക്കുന്നു എന്നുള്ളതിന്റെ എതിർത്തുപറവാൻ പാടില്ലാത്ത സ്മാരകമായി ഒരു അനാഥശാല ഉണ്ടായാൽ കൊള്ളാമെന്ന് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു അഭിലാഷം ഉളവായി. ഈ വലിയ വേല അവൻ ശരിയായി നിവൃത്തിച്ചശേഷം ദൈവം അവനെ ഇവിടെനിന്നും നിത്യസമാധാനത്തിലേക്കു മാറ്റി. ഈ [illegible] അവിസ്മരണീയനായ ഈ മഹാൻ 1898 മാർച്ച് 10-ാംനു രാത്രി തന്റെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. "വിശ്വസിക്കുന്നവന്നു സകലവും കഴിയും."

## ധ്യാനമഞ്ജരി

(C. H. M.)

### പുറപ്പാടുപുസ്തകം

ക്രിസ്തുവിന്റെ ദാസൻ ഈ ഉദ്ധരണത്തിൽ കാണുന്ന ഉന്നതസ്ഥാനത്തു നിൽക്കുമ്പോൾ "അങ്ങോട്ടും ഇങ്ങോട്ടും നോക്കു"കയില്ല. "നിന്റെ കണ്ണു നേരെ നോക്കട്ടെ. നിന്റെ കണ്ണിമ ചൊവ്വേ മുമ്പോട്ടു മിഴിക്കട്ടെ." എന്നുള്ള ജ്ഞാനത്തിന്റെ സ്വർഗ്ഗീയാലോചന അനുസരിച്ച് അവൻ പ്രവർത്തിക്കും. ദൈവികബുദ്ധി എല്ലായ്പോഴും മേലോട്ടും മുൻപോട്ടും നോക്കുവാൻ നമ്മെ പ്രേരിപ്പിക്കും. ഒരു മർത്യന്റെ ഭ്രൂഭംഗം കണ്ടു ചുളുങ്ങുന്നതിനോ അവന്റെ പുഞ്ചിരികണ്ടു സന്തോഷിക്കുന്നതിനോ ആയി നാം പുറമേ നോക്കുമ്പോഴെല്ലാം നമ്മിൽ എന്തെങ്കിലും തെറ്റുണ്ടെന്നു നിശ്ചയിച്ചുകൊള്ളണം. ദൈവശുശ്രൂഷയുടെ ശരിയായ സ്ഥാനത്തുനിന്ന് അപ്പോൾ വളരെ അകലെയാണു നാം നിൽക്കുന്നത്. നമുക്കു ദൈവനിയോഗമുണ്ടെന്നുള്ളതിന്റെയും ദൈവസാന്നിദ്ധ്യം നാം അനുഭവിക്കുന്നുവെന്നുള്ളതിന്റെയും നിശ്ചയത്തെ തത്സമയത്തു നഷ്ടപ്പെടുത്തുന്നു. എന്നാൽ അവരണ്ടും സർവ്വാധികപ്രധാനങ്ങളത്രെ.

അമിതമായ ഔദ്ധത്യംകൊണ്ടോ കവിഞ്ഞ സ്വപ്രത്യയംകൊണ്ടോ ദൈവം തങ്ങളെ ഉദ്ദേശിക്കുകയോ, തന്നിമിത്തം താൻ അവരെ യോഗ്യതപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്ത ശുശ്രൂഷയുടെ ഗോളത്തിൽ തള്ളിത്തുകേറിനിൽക്കുന്ന അനേകർ ഉണ്ട്. ഇവർ ഇങ്ങിനെ നിൽക്കുകമാത്രമല്ല ചെയ്യുന്നത്. അവരുടെ വരങ്ങളെക്കുറിച്ചും യോഗ്യതകളെക്കുറിച്ചും നിഷ്പക്ഷമായി വിധിപറയുവാൻ കഴിയുന്നവരെ മുഴുവൻ ഭ്രമിപ്പിക്കത്തക്കവണ്ണം വളരെ ധാർഷ്ട്യവും എത്രയോ ഉണ്ടെന്നുള്ള നാട്യവും പ്രദർശിപ്പിക്കുന്നുമുണ്ട്. എന്നാൽ ഇതെല്ലാം വളരെ നിലംപരിചാകും. ഈ നിലയും ദൈവനിയോഗത്തെയും ദൈവസാന്നിദ്ധ്യത്തെയും കുറിച്ചുള്ള ബോധത്തിനല്ലാതെ മറ്റു യാതൊന്നിനും "അങ്ങോട്ടും ഇങ്ങോട്ടും നോക്കുന്ന" സ്വഭാവത്തിൽനിന്നു ഒരു മനുഷ്യ

ന്ന ഫലകരമായ വിധത്തിൽ വർദ്ധിക്കുന്നതിനു കഴിയുന്നതല്ലെന്നുള്ള ജ്ഞാനത്തിന്റെ വിശ്വസ്തതയോടു് അല്ലെങ്കിലും ഇടപെടുവാൻ കഴികയുമില്ല. ഇവയുള്ളപ്പോഴും മനുഷ്യവർഗ്ഗത്തിൽ നിന്നും തൽഫലമായ അശുദ്ധത്വത്തിൽനിന്നും പൂർണ്ണമായ വിടുതൽ ഉണ്ടു്. മറവുള്ളവനിൽ നിന്നു പൂർണ്ണമായി സ്വാതന്ത്ര്യപ്പെടാത്ത ഒരു മനുഷ്യന് അവരെ ശുശ്രൂഷിപ്പാൻ കഴിയുന്നതല്ല. എന്നാൽ തന്റെ ശരിയായ സ്ഥാനം അറിയുന്ന ഒരുവനു കുനിഞ്ഞു തന്റെ സഹോദരന്മാരുടെ കാലുകൾ കഴുകുവാൻ കഴിയും. മനുഷ്യനിൽ നിന്നു നമ്മുടെ കണ്ണുകൾ പിന്തിരിച്ചു് ഏക സത്യവാനും പൂർണ്ണനുമായ ഒരു ഭൃത്യന്മേൽ (കർത്താവായ യേശുക്രിസ്തുവിന്മേൽ) വയ്ക്കുമ്പോൾ അവൻ "അങ്ങോട്ടും ഇങ്ങോട്ടും നോക്കി"യതായി നാം കാണുകയില്ല. കാരണം, മനുഷ്യരുടെമേൽ തന്റെ കണ്ണുകളെ വയ്ക്കാതെ എല്ലായ്പ്പോഴും ദൈവത്തിന്മേൽ അവൻ കണ്ണുകൾ പതിച്ചിരുന്നു. അവൻ മനുഷ്യകോപത്തെ ഭയപ്പെടുകയോ, മനുഷ്യാനുകൂല്യത്തെ നോക്കുകയോ, മനുഷ്യരുടെ ഹസ്തദാനങ്ങൾക്കായി അധരം തുറക്കുകയോ, മനുഷ്യൻ നിന്ദിക്കാതിരിപ്പാനായി അവയെ അടക്കുകയോ ചെയ്തില്ല. ഇതു് അവന്റെ എല്ലാ സംസാരത്തിനും പ്രവൃത്തികൾക്കും വിശുദ്ധ സ്ഥിരതയും ഉന്നതിയും നൽകി. "അവന്റെ ഇല വാടിപ്പോകയില്ല; അവൻ ചെയ്യുന്നതൊക്കെയും സാധിക്കയും ചെയ്യും" എന്നുള്ള വചനം അവനെക്കുറിച്ചു മാത്രമെ സത്യമായി പറയാൻ കഴിയൂ. അവൻ ചെയ്തതെല്ലാം ദൈവത്തിന്നായി ചെയ്തതുകൊണ്ടു് അവ പ്രയോജനകരമായിത്തീർന്നു, അവന്റെ ഓരോ പ്രവൃത്തിയും, ഓരോ വാക്കും, ഓരോ ചലനവും, ഓരോ നോട്ടവും, ഓരോ വിചാരവും ദൈവഹൃദയം സമാശ്വസിക്കുന്നതിനു സമർപ്പിക്കപ്പെട്ട ഭംഗിയുള്ള ഫലങ്ങളുടെ കുല പോലെയായിരുന്നു. അവൻ എല്ലായ്പ്പോഴും ദൈവത്തോടും ദൈവത്തിനു വേണ്ടിയും ദൈവഹൃദയത്തെക്കുറിച്ചുള്ള പൂർണ്ണ അറിവിലും പ്രവർത്തിച്ചതിനാൽ അവന്റെ പ്രവൃത്തിയുടെ ഫലങ്ങളെക്കുറിച്ചു് അവൻ ഭയപ്പെട്ടില്ല. ദൈവികമായി പൂർണ്ണതപ്പെട്ടതെങ്കിലും അവന്റെ ഇഷ്ടം ഭൂമിയിലുള്ള ഒരു മനുഷ്യൻ എന്ന മുറയ്ക്കു് അവൻ ചെയ്തു യാതൊന്നിനോടും കലർന്നിട്ടില്ല. "ഞാൻ സ്വർഗ്ഗത്തിൽ നിന്നു വന്നിരിക്കുന്നു, എന്റെ സ്വന്ത ഇഷ്ടം ചെയ്‌വാനല്ല. പിന്നെയോ, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാനത്രേ" ഇതിനാലത്രേ "തക്കകാലത്തു" അവൻ ഫലം കൊടുത്തതു്. "പിതാവിനു" ഇഷ്ടമായ കാര്യങ്ങൾ അവൻ "എല്ലായ്പ്പോഴും" ചെയ്തു. തന്നിമിത്തം ഭയപ്പെടുന്നതിനോ, പശ്ചാത്തപിക്കുന്നതിനോ, "അങ്ങോട്ടും ഇങ്ങോട്ടും നോക്കുന്നതിനോ" അവനു് ഇടയുണ്ടായില്ല. എന്നാൽ മറ്റെല്ലാററിലും എന്നപോലെ തന്നെ ഇതിലും അനുഗ്രഹിക്കപ്പെട്ട യജമാനൻ തന്റെ എത്രയും മാന്യന്മാരും മുഖ്യന്മാരുമായ ദാസന്മാരിൽ നിന്നു് ഗണനീയമായ വിധത്തിൽ ഭേദപ്പെട്ട ഒരാളായി നിൽക്കുന്നു. മോശ "ഭയപ്പെട്ടുക"യും പൗലൊസ് "അനുതപിക്ക"യും ചെയ്തു. എന്നാൽ കർത്താവായ യേശുവിനു് ഇവ രണ്ടും ഉണ്ടായില്ല. അവൻ ഒരിക്കലും ശരിയായ ചുവടു നോക്കി പിന്നോക്കം പോകയോ, ഒരു വാക്കു പിൻവലിക്കയോ,

ന്നു വിചാരം തിരുത്തുകയോ ചെയ്‌വാൻ ആവശ്യമില്ലായിരുന്നു. അവനെ സംബന്ധിച്ചിടത്തോളം എല്ലാം നിശ്ശേഷനന്യൂനം തന്നെ, എല്ലാം തക്ക കാലത്തുള്ള ഫലമായിരുന്നു. അവന്റെ വിശുദ്ധവും സ്വർഗ്ഗീയവുമായ ജീവപ്രവാഹം ഇരച്ചിലോ വളവോ കൂടാതെ നേരെ മുൻപോട്ടു ഒഴുകി. അവന്റെ മനസ്സു ദൈവികപ്രേരണയ്ക്കു വശംവദമായിരുന്നു. ഏറ്റവും നല്ലവരും അത്യന്തം ഭക്തന്മാരുമായ മനുഷ്യർ തെറ്റുകൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ കൃപയാൽ നമ്മുടെ സ്വന്ത ഇഷ്ടത്തെ മരിപ്പിക്കുന്നതിൽ നാം പ്രാപ്തരായിത്തീരുംതോറും നമ്മുടെ തെറ്റുകൾ കുറഞ്ഞുവരും. മുഖ്യമായി നമ്മുടെ പാത വിശ്വാസത്തിന്റെയും ക്രിസ്തുവിനോടുള്ള ഏകാഗ്രമായ ഭക്തിയുടേയും യഥാർത്ഥ പദ്ധതിയായി വെക്കുമ്പോൾ നാം സാക്ഷാൽ സന്തോഷമുള്ളവരായിത്തീരുന്നു.

മോശയുടെ സംഗതിയും ഇങ്ങിനെ തന്നെ. അവൻ ഒരു വിശ്വാസമനുഷ്യനായിരുന്നു. തന്റെ യജമാനന്റെ ആത്മാവിനെ അന്തർഭാഗംവരെയും പാനംചെയ്തിട്ടുള്ളവനും, അവന്റെ ചുവടുകളിൽ അത്ഭുതമായ സ്ഥിരതയോടുകൂടി നടന്നവനുമായിരുന്നു. എജിപ്തിന്മേൽ ന്യായവിധി നടത്തുന്നതിനും ഇസ്രായേലിനെ വിടുവിക്കുന്നതിനുമുള്ള കാലത്തെ അവൻ മുൻപുകൂട്ടി കണ്ടുകൊണ്ടു നാല്പതുവർഷങ്ങൾ കഴിച്ചു എന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ എബ്രായർ ൧൧-ാം അദ്ധ്യായത്തിലെ ദൈവനിശ്വസ്തമായ വ്യാഖ്യാനത്തിലേക്കു നാം കടക്കുമ്പോൾ ഇതിനെക്കുറിച്ചു് ഒന്നുംതന്നെ കാണുന്നില്ല. മുഖ്യമായി അവന്റെ ഗതി

ആശ്രയപ്പെട്ടിരുന്ന ദിവ്യപ്രമാണ
ത്തെക്കുറിച്ചു മാത്രമെ നാം അവിടെ
കാണുന്നുള്ളു. "വിശ്വാസത്താൽ മോ
ശെ താൻ വളർന്നപ്പോൾ പാപത്തി
ന്റെ തൽക്കാല ഭോഗത്തെക്കാളും
ദൈവജനത്തോടുകൂടെ കഷ്ടമനുഭവി
ക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം
നോക്കിയതുകൊണ്ടു ഫറവോന്റെ പു
ത്രിയുടെ മകൻ എന്നു വിളിക്കപ്പെടു
ന്നതു നിരസിക്കയും മിസ്രയീമിലെ
നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ
നിന്ദ വലിയ ധനമെന്നു എണ്ണുകയും
ചെയ്തു. വിശ്വാസത്താൽ അവൻ അ
ദൃശ്യദൈവത്തെ കണ്ടതുപോലെ ഉറ
ച്ചുനില്ക്കയാൽ രാജാവിന്റെ കോപം
ഭയപ്പെടാതെ മിസ്രയീം വിട്ടു പോ
ന്നു." ൨൪—൨൭.

ഈ ഉദാഹരണം മോശയുടെ പ്രവൃ
ത്തികളുടെ അതിമനോഹരമായ ഒരു
കാഴ്ചയാണു് നമുക്കു തരുന്നതു്. പരി
ശുദ്ധാത്മാവു പഴയ പരിശുദ്ധന്മാരുടെ
ചരിത്രത്തെ പരാമർശിക്കുമ്പോൾ ഇ
ങ്ങനെതന്നെ എല്ലായ്പോഴും ചെയ്യുന്നു;
ഒരു ആളിന്റെ ചരിത്രം പരിശുദ്ധാ
ത്മാവു (പഴയനിയമത്തിൽ) എഴുതു
മ്പോൾ ആ മനുഷ്യൻ ഇരിക്കുന്നതു
പോലെതന്നെ അവനെ നമുക്കു കാ
ണിക്കയും, അവന്റെ അപജയങ്ങളും
അപൂർണ്ണതകളും എല്ലാം വിശ്വസ്ത
തയോടു വെളിപ്പെടുത്തുകയും ചെയ്യു
ന്നു. എന്നാൽ പുതിയനിയമത്തിൽ
ഈ ചരിത്രം വ്യാഖ്യാനിക്കുമ്പോൾ ഒ
രു മനുഷ്യജീവിതത്തിന്റെ യഥാർത്ഥ
പ്രമാണത്തെയും, മുഖ്യഫലത്തെയുമെ
കാണിക്കുന്നുള്ളു. ഇതിനാൽ മോശെ
"അങ്ങോട്ടും ഇങ്ങോട്ടും നോക്കി." "കാ
ര്യം പ്രസിദ്ധമായിപ്പോയല്ലോ എ
ന്നു മോശെ പറഞ്ഞു പേടിച്ചു്" ദൈവി
ൽ മോശെ ഫറവോന്റെ സന്നിധി

യിൽനിന്ന് ഓടിപ്പോയി" എന്നിങ്ങനെയെല്ലാം പുറപ്പാട്ടുപുസ്തകത്തിൽ നാം വായിക്കുന്നുണ്ടെങ്കിലും എബ്രായലേഖനത്തിൽ അവൻ ചെയ്തതു "വിശ്വാസത്താൽ" ചെയ്തു എന്നും, അവൻ രാജാവിന്റെ കോപം ഭയപ്പെട്ടി-ല്ല എന്നും, അദൃശ്യദൈവത്തെ കണ്ട-തുപോലെ ഉറച്ചുനിന്നു എന്നും നമുക്ക് ഉപദേശിച്ചിരുന്നു.

# ഗതസേമനയിലെ ക്രിസ്തു

(തുടർച്ച)

ii

37 ഘനപടലമുടയ്ക്കും മട്ടുനാകം തുറന്നു;
ദിനകരമണിയെയും ശോഭകാണായി വാനിൽ,
അനവധിവിബുധന്മാർ സ്തോത്രഗാനങ്ങളോടൊ-
ജനപതിയെനമിക്കും കാഴ്ചയും കാണ്മാറായ്

38 വിനപെരുകിയക്രിസ്തന്നാധിതീർത്താറാമൃതാം-
ധനമതരുളുവതിന്നായ്ബ്ഭൂതലംനോക്കി വേഗാൽ
കനകരചിതമാകും പക്ഷയുഗ്മം വിരിച്ചു-
ങ്ങനഘനഖിലനാഥൻ ദൂതനേകൻ ഗമിച്ചാൻ.

39 ഞൊടിയിടവിളയാട്ടും നൽതടിൽഖണ്ഡതുല്യം
ചൊടിയൊടുമരിപുത്രൻതൻ സമീപത്തിലെത്തി
കൊടിയകളേബരം ചേരുമാലിവ്യഥീശം
മടിയിലുടനണച്ചാൻ വാനവൻ സാനുകമ്പം

40 മലരിനുസമമാകും പാണിതൻ സ്പർശനത്താൽ
ജലജപതിസമാനൻ മോഹമെല്ലാമൊഴിഞ്ഞു
സുഭഗനയനയുഗ്മം മന്ദമന്ദം തുറന്നു-
പ്രവിതറിയ രൂപം കണ്ടു സംഭ്രാന്തനായി.

41 "ദിവിവിലസിതരാകാസോമബിംബാഭ ചേരു-
ന്നവികലതരരൂപം കാണ്മതെന്തെന്റെ താതാ!
ഭുവിപരമിഹ ഞാൻ ഹാ! സ്വപ്നമോ കാണ്മതിപ്പോൾ?
സുവിദിതമിതുമെത്തും മന്മതിഭ്രാന്തിതന്നെ!!"

42 ഇതുവിധമുരചെയ്യും നസ്രയൻ ക്രിസ്തുദേവ-
ന്നതുപൊഴുതുളവാമന്തർഭ്രാന്തി നീക്കീടുവാനായ്.

“യതികുലവരമൌലേ! യാശപസിക്കുക”ന്നിവണ്ണം
മൃദുതരമുരച്ചൂ വാനലോകേശ്വരന്മാർ.

43 “നിശിതതരസിതത്താൽ ഖണ്ഡിതപ്രാപ്തിരുത്തി-
ളശമലിനിമലില്ലം കേളരിക്കൊത്തവണ്ണം,
അശ്രുജനകമാകും കന്മഷം ചേർന്നലോകം
പിതൃനരണിതമോടേ രോദനം ചെയ്തിടുന്നു.

44 ശരണരഹിതരാമീലോകരെ രക്ഷ ചെയ്വാൻ
പരമപുരുഷനാകുന്നല്ലീ നാഥ! നിയുക്തൻ?
പരവശതയകന്നീ സംസൃതി മംഗളാംഗം
നരവര! സുഗുണാത്മൻ! സൌഖ്യമാക്കുന്നികാമം.

45 വിധുരത യൊഴിവാക്കാം, സൽകൃപാസത്തമമാമ-
ത്രിദിവപതി, യഹോവാ ദിവ്യ നവ്യാജരൂപൻ;
ഉദരസികരെഹൃദർക്കുള്ള നിഷ്കളങ്കത്വം
ത്രിദശഗതി സ്വവേദ്യന്നിന്ന ഗ്രാഹ്യങ്ങളാമോ?

46 ജലമതനിരതന്മാർക്കൊക്കെ സൽബോധമേകാ-
നിളയിതിലവതാരം ചെയ്തു സദ്യോഗിമൌലേ!
കളയുക ഹൃദി താപം; ധർമ്മതത്വപ്രദീപോൽ-
ഗളിതശുഭകരത്തേലും വ്യാപരിപ്പിക്ക ഭൂമൌ.

47 സുരതരുണികരംകൊണ്ട്യാ വീണതൻനാദമോടേ
നിരുപമമപദാനം താവകം പാടിടുമ്പോൾ
സുരതരുനികരങ്ങൾ ശാഖ ചെമ്മേ വണക്കി-
ത്തിരുവടി വിനമിക്കും രാജയോഗീകമൌലേ!

48 പരനിരതപരിത്താപം പോയവോൻ ഭൂതദേവാ-
പരിചിനൊടുരചെയ്തു ദിവ്യയോഗീശപാദം,
ശമദമലമനസ്സിൽ പ്രാജ്ഞചാലത്തൊടുസ്സിണങ്ങും
കരകമലകയറ്റം മൌനമുകേത്യാഭിഷിച്ചാൻ.

49 തദനു, ഭുവനരംഗം വിട്ടുവാനസ്ഥലത്തിൽ
മുദല കനകപക്ഷം തങ്ങളൊന്നായ് വിരുത്തി,
ത്രിദിവഗതിതുടങ്ങാൻ വെള്ളിമേഘങ്ങളാകും
ത്രിദശനഗരമുറ്റംനോക്കി വേഗേനഗ്ഗതൻ.

50 മണിനികരമിണങ്ങും പച്ചവില്ലീസിനോടും
ഉഡുപടലമതിന്മേൽ നിന്നെഴുന്നോരു ക്രിസ്തൻ
രണമുഖവിജയം കൊണ്ടാർത്തിട്ടുവീരനേപ്പോൽ
കലണമൂർത്തിസ്വഹർഷാൽ തൻമുഖമൊട്ടിടിച്ചു.

51 അജതനയനനന്തൻ, ദോഷതാപസ്ഥരൂപൻ,
സുജനഹൃദയസേവ്യൻ, നിഷ്കളങ്കസ്വരൂപൻ,

നിജഹൃദയനികേതം ശിഷ്യവാത്സല്യദീപ-
പ്രസരിതനവകാന്ത്യാ പൂതമാക്കിച്ചമച്ചാൻ.

52 കളമൊഴിമറിയാമിൻ പുണ്യപീയൂഷബിന്ദു,
വളരുമഴകെഴുന്നാ വാടിയാം നൽസ്ഥലത്തിൽ,
തെളിവൊടു ഗതിതാനേ ഹാ! തുടർന്നീടുവോര-
ങ്ങളവതിനെ നമിച്ചു ന്യൂനമാകുന്നിതെന്മേ!!

53 അനഘനഖിലനാഥൻ ശിഷ്യർതന്നന്തികത്തിൽ
വിനസകലമൊഴിഞ്ഞങ്ങെത്തി വീണ്ടും കഥിച്ചാൻ:
"വസു സുഖദസുഷുപ്തികേളിമഞ്ചം കണക്കായ്
സസുഖമിവിടെ നിങ്ങൾക്കിന്നു വിശ്രാന്തിയേന്താം.

54 നിഗദിതമതു മദീയം പാണിയിൽ ചേർത്തിടാനായ്
പ്രകടകതുകമോടേ സൈന്യമാരാലണഞ്ഞു;
അകലുഷിതഹൃദന്തം ചേർന്ന നാമാറരക്ത്യാ-
സകലജഗദധീശൻ പാദപത്മം ഭജിക്കാം."

55 ചെരുമകലരമീശൻ ശിഷ്യരോടായിവന്നും
കരുണയൊടരുളുമ്പോൾ യൂദ മുമ്പിട്ടണഞ്ഞു,
"ഇതുകലവരമെന്റേ! രബ്ബി"മെന്നോതിനാനു-
ത്തിരുവപുഷി സകമ്പം ചുംബനം ചെയ്തശേഷം.

56 ഇതുവിധമഖിലേശൻതന്നെ യൊററീടിനാന-
ഘമതിഖലപൃതന്നല്ലൻ യൂദതാൻ വീതശങ്കം;
നിയതമതുമഹാചാരം മെട്ടു ലാളിക്കില്ലാ ദു-
ഷ്കൃതമതികൾ കൃതഘ്നർക്കീവിധം പ്രീതിലേശം!! (തുടരും)

---

# തിരുവത്താഴത്തെക്കുറിച്ചുള്ള ഒരു സംവാദം

## (ലൂഥറും സ്വിംഗ്ലിയും)

1529 ആഗസ്റ്റ് മാസം അവസാന രാത്രി, സ്വിംഗ്ലി എന്ന വിശ്രുതനായ വേദശാസ്ത്രി ഒരു പ്രധാന യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു. ജർമ്മനിയിലുള്ള ഹെസ്സെ നഗരത്തിന്റെ അധിപനായ ഫിലിപ്പ് ഇരുകക്ഷികളിലുമുള്ള നവീകരണനേതാക്കന്മാരെ ഒരു കൂടിയാലോചനയ്ക്കായി ക്ഷണിച്ചിരുന്നു. സാക്സൺ വേദശാസ്ത്രികളും, സ്വിസ്സ് വേദശാസ്ത്രികളും തമ്മിൽ ആശയത്തിൽ വളരെ വിപരീതമുണ്ടായിരുന്നതുകൊണ്ട് ഇങ്ങനെ ഒരു സന്ധിയാലോചന തന്നെ ലൂഥർ തിരസ്കരിച്ചു. 1519-ൽ ലൂഥർ കർത്താവിന്റെ അത്താഴം സംബന്ധിച്ച ഉപദേശം പരിഷ്കരിക്കണമെന്ന മാത്രമല്ലാ സ്വിസ്സുകാരെപ്പോലെ അതിനെ പുതുക്കി[illegible]ടി ചെയ്യണമെന്ന് നിശ്ചയിച്ചപ്പോൾ

ലെ കാണപ്പെട്ടു. "ഞാൻ തിരുവത്താഴക്രമാശയിൽ സംബന്ധിക്കുമ്പോൾ, ക്രിസ്തുവിൻെറ കഷ്ടപ്പാട്ടും നീതിയും എന്നെ നീതീകരിക്കുന്നുവെന്നുള്ളതിനു ദൈവത്തിൽ നിന്ന് ഒരടയാളം എനിക്കു ലഭിക്കുന്നു" ആ ക്രമാശകളുടെ ഉപയോഗം അത്രമാത്രം. സ്വിംഗ്ലിയെപ്പോലെ അപ്പവീഞ്ഞുകൾ ശരീരരക്തങ്ങളുടെ അടയാളങ്ങളായി ലൂഥർ വിചാരിച്ചിരുന്നു കൂടാതെ, യേശുക്രിസ്തുവിൻെറ ശരീരരക്തങ്ങൾ മാത്രമാണ് ദൈവകൃപയുടെ അടയാളങ്ങൾ എന്നു വാദിച്ചുമിരുന്നു. 1527-മുതൽ ഇരുഭാഗത്തുനിന്നും സ്വാഭിപ്രായം സ്ഥാപിച്ചു ലഘുലേഖകൾ എഴുതിത്തുടങ്ങി. ലൂഥർ തനിക്കു സഹജമായ ചൂടോടുകൂടിയും, സ്വിംഗ്ലി വളരെ ശൈത്യരീതിയിലും എന്നാൽ തക്ക കൊള്ളുവാക്കു ചേർത്തുമാണ് എഴുതിയതു്.

സ്വിംഗ്ലി വളരെ രഹസ്യമായി, ഭാര്യയോടുപോലും പറയാതെ മേല്പറഞ്ഞ സന്ധിസമ്മേളനത്തിലേക്കു പാതിരാത്രിയിൽ അതിദീർഘമായ യാത്ര ആരംഭിച്ചു. റൊഡോൾഫ് കൊല്ലിൻസ് എന്ന ഗ്രീക്ക് പണ്ഡിതർ ഇദ്ദേഹത്തെ അനുഗമിച്ചു ബാസൽ നഗരത്തിൽ എത്തി. സ്വിംഗ്ലിയുടെ സാന്നിദ്ധ്യം സ്വനഗരമായ സ്യൂറിച്ചിൽ ഇല്ലെന്ന് അറിഞ്ഞപ്പോൾ തൻെറ ശത്രുക്കൾ ജയം പൂണ്ടു്, 'സ്വിംഗ്ലി ഭയവിഹ്വലനായി നാടുവിട്ട് ഓടിപ്പോയി' എന്നു ഘോഷിച്ചു. വേറെ ചിലർ 'ഇദ്ദേഹം മുങ്ങിച്ചത്തു' എന്ന വാർത്ത പരത്തി. മററു ചിലർ, 'പിശാച് ഇദ്ദേഹത്തെ എവിടെയോ പിടിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു' എന്നു പറഞ്ഞു. എന്നാൽ ഇദ്ദേഹത്തിൻെറ സഭാംഗങ്ങൾ, ഇദ്ദേഹം പുറപ്പെട്ട ദിനം തന്നെ, തൻെറ കൂടെ ചെന്നുചേരുന്നതിന് ഒരാളിനെ നിയോഗിച്ചയച്ചു. സ്വിംഗ്ലിയും, കൂട്ടുകാരനായി ചെന്നു ചേർന്ന എക്കൊളം പാഡിയസ്സും ബാസൽ നഗരത്തിൽ നിന്നു വീണ്ടും തിരിച്ചു. പതിമൂന്നു മണിക്കൂറിനുള്ളിൽ ഇവർ സ്ട്രാസ്ബർഗ്ഗ് നഗരത്തിൽ എത്തി; മത്തിയാസ് സെൽ എന്ന പള്ളിപ്രസംഗിയുടെ വസതിയിൽ അവർ താമസിച്ചു. ഇദ്ദേഹത്തിൻെറ ഭാര്യയായ കാതറൈൻ എന്ന വനിതാരത്നം അതിഥികളെ യഥോചിതം സൽക്കരിക്കയും, പരിചരിക്കയും ചെയ്തു. ഇവളുടെ ഭക്തിയും ജ്ഞാനവും നിമിത്തം സ്വിംഗ്ലി ഈ സ്ത്രീരത്നത്തെ വേദശാസ്ത്രികളേക്കാൾ കൂടിയ നിലയിൽ ഗണിച്ചു.

റോമൻ സൈനികഗണങ്ങളിൽനിന്നും യാതൊരുപദ്രവവും നേരിടാതിരിപ്പാൻ ഹെസിയൻ കുതിരപ്പടയാളികളുടെ സംരക്ഷണത്തിൻകീഴിൽ വനങ്ങൾ, പർവ്വതങ്ങൾ, താഴ്വരകൾ ആദിയായവ കടന്നു, നവീകരണവീരനായ ലൂഥറിനെ എതിരിടുവാൻ സ്വിംഗ്ലിയും സഹചരന്മാരും മാർബർഗ്ഗ്നഗരിയിൽ സുഖസമേതം ചെന്നുചേർന്നു.

മെലങ്ക്തൻ, ക്രൂസിഗർ, ജോനാസ് ഇവരാൽ അനുഗതനായിട്ട് ലൂഥറും ഹെസിയൻ പടയാളികളുടെ കാവലിൽ, സെപ്തംബർ ൩൦-ാം- അതായതു സിസ്സുകാർ എത്തിയതിൻെറ പിറേറദിവസം മാർബർഗ്ഗ് നഗരിയിൽ എത്തി.

മാർബർഗ്ഗ് നഗരാധിപതിയായ ലാൻഡ്ഗ്രേവ് ഈ നവീകരണനേതാക്കന്മാരെ സ്വീകരിച്ചു തൻെറ കൊട്ടാരത്തിൽ താമസിപ്പിക്കയും, രാജോചിതമായ നിലയിൽ അവരെ സൽക്കരി

കയും ചെയ്തു. അടുത്തദിവസം എക്കോളംപാഡിയസ്, ഹീഡിയോ, ബ്യൂസർ എന്ന സ്വിംഗ്ലിയുടെ സഖികൾ ലൂഥറിന്റെ സമീപം ചെന്നു നമസ്കരിച്ചു. ലൂഥർ എക്കോളംപാഡിയസ്സിനോടു വളരെ മര്യാദപൂർവ്വം സംസാരിച്ചു. എന്നാൽ മുൻപു തന്റെ അത്യന്ത ഇഷ്ടന്മാരിൽ ഒരുവനും തൽക്കാലം സ്വിംഗ്ലിയുടെ അഭിപ്രായത്തോടു യോജിച്ച ആളുമായ, ബ്യൂസർ അടുത്തുചെന്നപ്പോൾ ലൂഥർ കൈ ഉയർത്തി തടുത്തുകൊണ്ട് “നിങ്ങളെ സംബന്ധിച്ചിടത്തോളം എന്താണു ചെയ്യേണ്ടതു് എന്നു എനിക്കു അറിഞ്ഞുകൂടാ” എന്നു പുഞ്ചിരി ഇട്ടുകൊണ്ടു പറഞ്ഞു. എന്നാൽ ഈ തർക്കത്തിന്റെ കാരണഭൂതനായ കാൾസ്റ്റാററ് വളരെ കഷ്ടപ്പാടും ദാരിദ്ര്യവും അനുഭവിച്ചും ക്രിസ്തുവിന്റെ ആത്മീയസാന്നിധ്യം പ്രസംഗിച്ചുംകൊണ്ട് ഫ്രീസ്ലാണ്ടിൽ താമസിച്ചിരുന്നു. ഭക്ഷണത്തിനു നിവൃത്തിയില്ലായ്കയാൽ കൈവശമുണ്ടായിരുന്ന എബ്രായബൈബിൾ കൂടി ഒരവസരത്തിൽ അദ്ദേഹം വിൽക്കേണ്ടിവന്നു. തനിക്കും ഈ വാദപ്രതിവാദത്തിൽ ഭാഗഭാക്കാകുവാൻ അനുവാദം നൽകണമെന്നു് ഇദ്ദേഹം ഫിലിഫിനോടു അപേക്ഷിക്കയുണ്ടായി. എന്നാൽ ലൂഥറിനോടു എതിരിടുമ്പോൾ കാര്യം ഭിന്നതയിൽ കലാശിച്ചേക്കുമെന്നു ഭയന്നിരുന്ന ഫിലിഫ് ലൂഥറിനോടു അക്കാര്യം സൂചിപ്പിച്ചപ്പോൾ ലൂഥർ വിസമ്മതിച്ചുകളഞ്ഞു.

പരസ്യമായ ഒരു വാദപ്രതിവാദം നടക്കുന്നതിനു മുമ്പു് വേദശാസ്ത്രികൾ തമ്മിൽ രഹസ്യമായി ഒരു സംഭാഷണം നടക്കണമെന്നു് ഫിലിഫ് ആഗ്രഹിച്ചു. എന്നാൽ പ്രാരംഭത്തിൽ തന്നെ ലൂഥറും സ്വിംഗ്ലിയുമായി വാദത്തിൽ പ്രവേശിക്കാതെ മെലങ്ക്ത... നും സ്വിംഗ്ലിയും, എക്കോളംപാഡി... യസും, ലൂഥറുമായി സംഭാഷണം ആ... രംഭിപ്പാൻ ഏർപ്പാടുചെയ്തു.

പ്രധാനവാദം സ്വിംഗ്ലിയും മെ... ലങ്ക്തനുമായിട്ടായിരുന്നു.

മെലങ്ക്തൻ:- “ക്രിസ്തു സാക്ഷാൽ ദൈവമല്ല എന്ന വിഷയത്തിൽ നി... ങ്ങളിൽ ചിലരെല്ലാം യഹൂദന്മാരെപ്പോലെ ദൈവത്തെക്കുറിച്ചു സംസാരിക്കുന്നതായി ഞങ്ങൾ അറിയുന്നു.

സ്വിംഗ്ലി: “വിശുദ്ധത്രിത്വത്തെ സംബന്ധിച്ചിടത്തോളം നിഖ്യാസുന്നഹദോസിന്റെയും അത്താനാസ്യോസിന്റെയും വിശ്വാസപ്രമാണത്തോടു ഞാൻ യോജിക്കുന്നു.”

മെലങ്ക്തൻ: (ഉച്ചത്തിൽ) “സുന്നഹദോസുകളും വിശ്വാസപ്രമാണങ്ങളും എന്നോ നിങ്ങൾ പറയുന്നതു്? നിങ്ങൾ എന്തുദ്ദേശിച്ചുകൊണ്ടാണ് ഇങ്ങനെ പറയുന്നതു്? തിരുവെഴുത്തുകളല്ലാതെ വേറെ യാതൊരു പ്രമാണവും അംഗീകരിക്കുന്നില്ല എന്നു നിങ്ങൾ ഇടവിടാതെ പറഞ്ഞിട്ടില്ലയോ?”

സ്വിംഗ്ലി: “ദൈവവചനത്തെ അടിസ്ഥാനമാക്കി ഉപദേശങ്ങളെ രൂപവൽക്കരിക്കുമ്പോൾ ഞങ്ങൾ ഒരിക്കലും സുന്നഹദോസുകളെ നിഷേധിച്ചിട്ടില്ല. ആദ്യത്തെ നാലു പൊതുസുന്നഹദോസുകൾ ഉപദേശസംബന്ധിച്ചിടത്തോളം വിശുദ്ധമാണ്. യാതൊരു വിശ്വാസിയും അതിൽനിന്നു വ്യത്യസ്തമായ ഒന്നിനെ അംഗീകരിച്ചിട്ടുമില്ല.”

മെലങ്ക്തൻ: “എന്നാൽ തോമസ് മൺസ്റ്ററിനെപ്പോലെ ക്രമക്കേ...

ൾക്കും തിരുവചനത്തിനും അന്യമായി, പരിശുദ്ധാത്മാവു തനിയെ പ്രവർത്തിക്കുന്നു എന്നു നിങ്ങൾ പഠിപ്പിക്കുന്നില്ലയോ?"

സ്വിംഗ്ലി: "പരിശുദ്ധാത്മാവു നമ്മിൽ വചനത്താൽ നീതീകരണം സാദ്ധ്യമാക്കുന്നു. വചനം പ്രസംഗിക്കപ്പെടുകയും വചനത്തെ ഗ്രഹിക്കയും ചെയ്യുന്നു. ദൈവത്തിന്റെ ഇച്ഛയും ആശയവും വചനംതന്നെ. അതു മനുഷ്യവാക്കുകളിൽ പൊതിയപ്പെട്ടിരിക്കുന്നുവെന്നേ ഉള്ളു."

മെലങ്ക്തൻ: "ഏതെങ്കിലും തരത്തിൽ ജന്മപാപം നിങ്ങൾ നിഷേധിക്കുന്നു. പെലേജിയസ്സും താത്വികന്മാരും പാപ്പാമതക്കാരും പറയുന്നതുപോലെ ബാഹ്യമായ തെറ്റും ക്രിയയിൽ മാത്രം അതു് അടങ്ങിയിരിക്കുന്നുഎന്നു സ്ഥാപിക്കുന്നു."

സ്വിംഗ്ലി: "മനുഷ്യൻ പ്രകൃത്യാ ദൈവത്തെയല്ല തന്നെത്തന്നെ സ്നേഹിക്കുന്നതിനാൽ, അതുതന്നെ അവന്റെ ശിക്ഷാവിധിക്കുള്ള പാപമാണു്."

ഈ അഭിപ്രായം പലതവണ അദ്ദേഹം പറഞ്ഞു. മെലങ്ക്തൻ ഇതു കേട്ടു സന്തോഷഭരിതനായി, "നമ്മുടെ ശത്രുക്കൾ എല്ലാ സ്ഥാനത്തും കീഴടങ്ങി" എന്നു ഘോഷിച്ചു.

ലൂഥറും എക്കൊളംപാഡിയസ്സുമായി മേൽ പ്രസ്താവിച്ചതുപോലെ ഒരു സംഭാഷണം നടന്നു. ആ സംഭാഷണം അവരെ വിശേഷാൽ സ്നാനവാദത്തിലേക്കു നടത്തി. കേവലം അടയാളങ്ങൾമാത്രം അനുഷ്ഠിക്കുന്നതിനാൽ ഒരുവൻ സംസർഗംപ്രാപിക്കുന്നില്ലെന്നുള്ളതിനോടു സ്വിസ്സുകാർ സമ്മതിക്കുന്നില്ലെന്നു ലൂഥർ കുറ്റംപറഞ്ഞു.

എക്കൊളംപാഡിയസ്സ്. "ആത്മ... ൾ വിശ്വാസം ആവശ്യപ്പെടുന്നുവെന്നുള്ളതു സത്യംതന്നെ. എന്നാൽ അപ്പോസ്തലവിശ്വാസം അല്ലെങ്കിൽ ബാഹ്യവിശ്വാസം. നാം വിശ്വാസത്തെ എന്തിനു നിഷേധിക്കുന്നു? ക്രിസ്തുവിൽ വിശ്വസിക്കുന്നവനല്ലാതെ ആരാണു ക്രിസ്ത്യാനി? എങ്കിലും ജലസ്നാനം ഒരു പ്രത്യേക അർത്ഥത്തിൽ പുനർജ്ജനനപ്രദായകമല്ലെന്നുറപ്പിച്ചുപറവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. "അതു മുഖാന്തരം സഭയ്ക്കു് അപരിചിതനായ ഒരുവൻ അതിന്റെ മകനായിത്തീരുന്നു."

ഈ നാലു വേദശാസ്ത്രികൾ വാദപ്രതിവാദത്തിന്റെ മൂർദ്ധന്യത്തിൽ എത്തിയപ്പോൾ, വേലക്കാർവന്നു ഭക്ഷണത്തിനു സമയമായെന്നു് അറിയിച്ചു... പ്പെട്ടു, അവർ പിരിഞ്ഞു. ഭക്ഷണപ്പാ... നന്തരം പൊതു കോൺഫറൻസിനു ആരംഭിച്ചു. അതു പരസ്യമായ ഒന്നായിരിക്കണമെന്നു സ്വിംഗ്ലി ആഗ്രഹിച്ചു. ലൂഥർ അതിനു വിരോധം പറഞ്ഞു. പ്രഭുക്കന്മാർ, രാജ്യാധികാരികൾ, വേദശാസ്ത്രികൾ ആദിയായവർക്കു സഭയിൽ പ്രവേശനം അനുവദിച്ചു. എന്നാൽ അനേകപണ്ഡിതന്മാർക്കും, മറ്റു സാമാന്യന്മാർക്കും സഭയിൽ പ്രവേശനം ഉണ്ടായിരുന്നില്ല. സഭയിൽ ഉദ്ദേശം അൻപതിനും അറുപതിനും മദ്ധ്യേ ആളുകൾ ഉണ്ടായിരുന്നു എന്നു ബ്രൻസ് പറഞ്ഞിരിക്കുന്നു. സ്വിംഗ്ലിയുടെ അഭിപ്രായത്തിൽ 25 മാത്രമെ ഉണ്ടായിരുന്നുള്ളു. ലാൺനദിയുടെ തീരത്തു മാർബർഗ് നഗരിയെ അഭിമുഖീകരിച്ചു പഴക്കമേറിയ ഒരു രാജകൊട്ടാരം സ്ഥിതിചെയ്യുന്നുണ്ടു്. കൊട്ടാരത്തിൽനിന്നു നോക്കിയാൽ മനോഹരമായ ലാൺസമതലം നീണ്ടുകിടക്കുന്നതുക

ണാം. അതിനപ്പുറത്തു് ഒന്നിനു പിറകെ ഒന്നായി പർവ്വതനിരകൾ കിടക്കുന്നു. ഈ കൊട്ടാരത്തിലെ ഹാളിൽവെച്ചാണു് വാദപ്രതിവാദം നടക്കേണ്ടിയിരുന്നതു്.

ഒക്ടോബർ മാസം ൨-ാംനു-ശനിയാഴ്ച പ്രഭാതസമയത്തു മുൻപറഞ്ഞ ഫിലിപ്പ് പ്രഭു ഈ ഹാളിൽ ആസനസ്ഥനായി. തന്റെ സേവകന്മാർ ചുറ്റും നിന്നിരുന്നു. രാജവസ്ത്രങ്ങൾക്കു പകരം സാധാരണ വസ്ത്രം മാത്രമെ ഇദ്ദേഹം ധരിച്ചിരുന്നുള്ളു. സഭാസംഗതികളിൽ കൺസ്തന്തീനോസ് ചക്രവർത്തിയേപ്പോലെ വർത്തിക്കുന്നതിനു് അവൻ ആഗ്രഹിച്ചില്ല. അദ്ദേഹത്തിന്റെ മുമ്പിൽ ഒരു മേശയും, മേശയ്ക്കു് അരികിലായി ലൂഥർ, സ്വിംഗ്ലി, മെലാങ്ക്തൻ, എക്കൊളാംപാഡിയസ്സ് ഇവരും ഇരുന്നിരുന്നു. ലൂഥർ മേശയ്ക്കരികിലായി വന്ന ഉടൻ ഒരു കഷണം ചോക്കെടുത്തു മേശപ്പുറത്തു വിരിച്ചിരുന്ന വില്ലൂസിന്മേൽ എതാനും വലിയ അക്ഷരങ്ങൾ അതിൽ എഴുതി. എല്ലാവരുടെയും കണ്ണുകൾ അവന്റെ കൈമേൽ പതിഞ്ഞു. അവൻ ആ പട്ടിന്മേൽ എഴുതിയതു "ഇതു എന്റെ ശരീരം" എന്നുള്ള ലത്തീൻ വാക്കുകളായിരുന്നു എന്നു് എല്ലാവർക്കും ഉടൻ മനസ്സിലായി. തന്റെ വിശ്വാസത്തെ പ്രബലീകരിക്കുന്നതിനും പ്രതിയോഗികൾക്കു ദൃഷ്ടിവിഷയമാകുന്നതിനും ഈ വാക്കുകൾ എല്ലായ്പോഴും തന്റെ മുമ്പിൽ ഉണ്ടായിരിക്കണമെന്നു ലൂഥർ ആഗ്രഹിച്ചു.

ഈ നാലു വേദശാസ്ത്രികളുടെ പിന്നിലായി അവരുടെ സ്നേഹിതന്മാർ നിരന്നിരുന്നു. അവരിൽ പ്രധാനികൾ ഹേഡിയോ, സ്റ്റേം, ഫങ്ക്, ഫ്രേ,
എബാർഡ്ഷ്നൻ, ജോനാസ്, ക്രൂ
സിഗർ ഇവരായിരുന്നു. ഫിലിപ്പി
ന്റെ ചാൻസലറായ ജോൺഫെ
ഗ് അവിടെ കൂടിയിരുന്ന പട്ടക്കാരെ
യും ബിഷോപ്പന്മാരെയും ഐക്യത്തി
ന്റെ പുനഃസ്ഥാപനമാണു പ്രസ്തു
തയോഗോദ്ദേശമെന്നു പ്രഭുവിന്റെ നാമ
ത്തിൽ പ്രബോധിപ്പിച്ചു കഴിഞ്ഞുടൻ
ലൂഥർ ഇങ്ങനെ പറഞ്ഞു:—

"തിരുവത്താഴത്തെക്കുറിച്ചുള്ള ഉപ
ദേശത്തിൽ ഞാൻ എന്റെ എതിരാ
ളികളിൽനിന്നു ഭിന്നാഭിപ്രായക്കാരനാ
ണു്. എപ്പോഴും ഞാൻ അങ്ങനെ ത
ന്നെ ആയിരിക്കയും ചെയ്യും. "ഇതു
എന്റെ ശരീരമാകുന്നു" എന്നു ക്രി
സ്തു പറഞ്ഞിരിക്കുന്നു. ആക്കെങ്കി
ലും കഴിയുമെങ്കിൽ ഒരു ശരീരം ശരീ
രമല്ലെന്നു കാണിക്കട്ടെ. ഞാൻ യുക്തി
സാധാരണബോധം, ജഡയുക്തികൾ
കണക്കുശാസ്ത്രം കൊണ്ടുള്ള തെളിവു
കൾ ഇവയെ നിഷേധിക്കുന്നു. ദൈ
വം കണക്കുശാസ്ത്രത്തിനും അപ്പുറമ
ണു്. നമുക്കു ദൈവത്തിന്റെ വചനം
ഉണ്ടു്. നാം അതിനെ ബഹുമാനിക്ക
യും അനുഷ്ഠിക്കയും ചെയ്യണം.

എക്കൊളാംപാഡിയസ്: "ദൈവ
വചനത്തിൽ അലങ്കാരപ്രയോഗങ്ങൾ
ഉണ്ടെന്നുള്ളതു നിഷേധിപ്പാൻ പാടി
ല്ല. യോഹന്നാൻ ഏലിയാ ആകുന്നു
ആ പാറ ക്രിസ്തുവാകുന്നു; ഞാൻ മുന്തി
രിവള്ളി ആകുന്നു. എന്നീ അലങ്കാര
പ്രസ്താവനകൾ പോലെതന്നെയാണു്
'ഇതു് എന്റെ ശരീരമാകുന്നു' എന്നു
ള്ളതും.

ദൈവവചനത്തിൽ അലങ്കാരപ്ര
യോഗങ്ങൾ ഉണ്ടെന്നു ലൂഥർ സമ്മതി
ച്ചു. അവയിലൊന്നാണു വിവാദവാക്യ
മെന്നുള്ളതു് അവൻ നിഷേധിച്ചു. എ

ങ്കിലും ക്രിസ്തീയസഭയിലുള്ള എല്ലാ വകുപ്പുകാരും ഈ വാക്കുകളിൽ അലങ്കാരപ്രയോഗം കാണുന്നുണ്ട്. 'ഇതു എൻെറ ശരീരമാകുന്നു' എന്നു പറഞ്ഞാൽ എൻെറ ശരീരം തന്നെയല്ല, എൻെറ രക്തവും, എൻെറ ദേഹിയും, എൻെറ ദൈവത്വം കൂടിയും അതായതു പരിപൂർണ്ണ ക്രിസ്തു എന്നാണ് വാസ്തവത്തിൽ റോമാക്കാർ സ്ഥാപിക്കുന്നതു്. റോമയുടെ പ്രതിവാദമനുസരിച്ച് ഈ വാക്കുകൾ ഒരു ഉപലക്ഷണാലങ്കാരം, അതായതുമുഴുവനു പകരം ഒരംശം എടുത്തുകാണിക്കയാകുന്നു. ലൂഥറൻകാരെ സംബന്ധിച്ചു പറയുന്നതായാൽ പ്രസ്തുതഅലങ്കാരം കുറേക്കൂടി തെളിവായിരിക്കുന്നു.

എക്കൊളംപാഡിയസ് തൻെറ വിഷയം തെളിയിപ്പാൻ ഒരു അനുമാനം ഉപയോഗിച്ചു:-

“യോഹന്നാൻെറ ൬-ാം അദ്ധ്യായത്തിൽ ക്രിസ്തു നിഷേധിച്ചതു് അത്താഴത്തിൻെറ വാക്കുകളിൽ ഉപയോഗിക്കയില്ല.”

“കപ്പർന്നഹോമിലെ മനുഷ്യരോടു, “മാംസം ഒന്നിനും ഉപകരിക്കുന്നില്ല” എന്നു പറഞ്ഞ ക്രിസ്തു ഈ വാക്കുകളിൽ തൻെറ ശരീരത്തെ വാകൊണ്ടു (ചവച്ചു) തിന്നുന്ന തീററിയെ പരിപൂർണ്ണമായി നിഷേധിച്ചിരിക്കുന്നു.”

“അതുകൊണ്ടു തിരുവത്താഴം ഏർപ്പെടുത്തിയപ്പോൾ അതിനെ അവൻ സിദ്ധാന്തിച്ചിട്ടില്ല.”

ലൂഥർ:—ഈ പ്രമേയങ്ങളിൽ രണ്ടാമത്തേതിനെ ഞാൻ നിഷേധിക്കുന്നു. ക്രിസ്തു വാകൊണ്ടുള്ള എല്ലാ ചവച്ചുതീററിയേയും നിഷേധിച്ചിട്ടില്ല. പിന്നെയോ കാളയുടെയോ, പന്നിയുടെയൊ മാംസംപോലുള്ള സ്ഥൂലവസ്തുവിനെ തിന്നുന്നതിനെ മാത്രമെ നിഷേധിച്ചിട്ടുള്ളു”

എക്കൊളംപാഡിയസ്:—“പദാർത്ഥങ്ങൾക്കു വേണ്ടതിലധികം വിശേഷണം ആരോപിക്കുന്നതിൽ അപകടം ഉണ്ടു്”

ലൂഥർ:—“ദൈവം കല്പിക്കുന്നതെല്ലാം ആത്മാവും ജീവനുമായിത്തീരുന്നു. ഒരു കച്ചിത്തുരുമ്പു് കർത്തൃകല്പനയാൽ ഉയർത്തുന്നുവെങ്കിൽ ഒരു ആത്മീയവേല നിവർത്തിച്ചിരിക്കുന്നു. ദൈവം സംസാരിക്കുന്നു. പുഴുക്കളായ മനുഷ്യരേ, നിങ്ങൾ ചെവികൊടുപ്പിൻ. ദൈവം കല്പിക്കുന്നു. ലോകം അനുസരിക്കട്ടെ. അവൻെറ വചനത്തിൻെറ മുമ്പാകെ നാമെല്ലാവരും വണങ്ങി താഴ്മയോടെ അതിനെ ചുംബിക്കാം.

എക്കൊളംപാഡിയസ്:—“നമുക്കു ആത്മീയഭക്ഷണം ഉള്ളപ്പോൾ വസ്തുമയ ഭക്ഷണം കൊണ്ടുള്ള ആവശ്യമെന്തു്?”

ലൂഥർ: “എന്തു് ആവശ്യമുണ്ടു് എന്നു ഞാൻ ചോദിക്കുന്നില്ല. എന്നാൽ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണ്. ‘ഭക്ഷിപ്പിൻ, ഇതു് എൻെറ ശരീരമാകുന്നു’ അതുകൊണ്ടു നാം അതു വിശ്വസിക്കയും അനുഷ്ഠിക്കയും വേണം. അതു ചെയ്യണം; അതു ചെയ്യണം; അതു ചെയ്കേ മതിയാവൂ. ദൈവം എന്നോടു ചെളി തിന്നുവാൻ ആജ്ഞാപിക്കുന്നെങ്കിൽ ഞാൻ തിന്നാം. അതു് എനിക്കു നന്മയായിരിക്കും നിശ്ചയം.

ഈ ഘട്ടത്തിൽ സ്വിംഗ്ളി കൂടി സംവാദത്തിൽ ചേർന്നു. തൻെറ വസ്തുമയമാംസം ഭക്ഷിക്കുന്നതായാൽ അതു യാതൊന്നിനും ഉപകരിക്കുന്നില്ല. (യോഹ. ൬: ൬൩) എന്നു യേശു പറഞ്ഞ